2019
ജൂലൈ
൧൧൯൪
മിഥുനം-കർക്കിടകം

# ഭൂമിമലയാളം
## വാർത്താപത്രിക

മലയാളം മിഷൻ, കേരള സർക്കാർ
എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം

കേരള സർക്കാർ
MALAYALAM MISSION
മലയാളം മിഷൻ

വാല്യം 1 - ലക്കം 7 | മലയാളം മിഷൻ - സാംസ്കാരിക കാര്യ വകുപ്പ് കേരള സർക്കാർ പ്രസിദ്ധീകരണം | തിരുവനന്തപുരം



## ആറ്റൂരിന് പ്രണാമം

"നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്
ഞാൻ കേൾക്കുന്നുണ്ട്
പറയാതിരിക്കുന്നത്
എന്നിൽ മാറ്റൊലിക്കുന്നുണ്ട്
നമുക്ക് ഒരേ സ്വരങ്ങൾ, വ്യഞ്ജനങ്ങൾ,
ഒരേ മൗനം"

മറുവിളി (ആറ്റൂർ രവിവർമ്മ)

# മിഷൻ പ്രവർത്തനങ്ങൾക്ക് യുഎഇ മലയാളികളുടെ മികച്ച പിന്തുണ – മന്ത്രി എ കെ ബാലൻ

*ദുബായ്:* മലയാളം മിഷൻ യു.എ.ഇ-യിലെ പ്രവർത്തനങ്ങൾ വിലയിരുത്തി സാംസ്കാരിക കാര്യ വകുപ്പ് മന്ത്രി എ.കെ. ബാലൻ. യു.എ.ഇ-യിൽ ഔദ്യോഗിക സന്ദർശനത്തിന് എത്തിയ അദ്ദേഹം അവിടുത്തെ മലയാളം മിഷൻ പ്രവർത്തകരുമായി കൂടികാഴ്ച നടത്തി. മിഷന്റെ മലയാള ഭാഷ വ്യാപന ദൗത്യത്തിൽ യു.എ.ഇ-യിലെ മലയാളീ സമൂഹം മികച്ച പിന്തുണയാണ് നൽകുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

വരും നാളുകളിൽ കൂടുതൽ മികവുറ്റ പ്രവർത്തനങ്ങൾ മിഷനിലൂടെ ഉണ്ടാകുമെന്നും അതിന് എല്ലാ സഹകരണവും യു.എ.ഇ-യിലെ മലയാളി കൂട്ടായ്മ നൽകുമെന്ന പ്രതീക്ഷയും മന്ത്രി മിഷൻ പ്രവർത്തകരോട് പങ്കുവെച്ചു.

ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് ഇ.പി ജോൺസൺ സെക്രട്ടറി. അഡ്വ: സന്തോഷ്, അൽഐൻ, അജ്മാൻ, ദുബായ് എന്നീ മേഖലയിലെ കോ- ഓർഡിനേറ്റർമാരായ റസിയ, ജാസിം, ശ്രീകല, യു.എ.ഇ കമ്മറ്റി അംഗം സജീവൻ, യു.എ.ഇ ചാപ്റ്റർ കോ-ഓർഡിനേറ്റർ കെ.എൽ.ഗോപി, റസൽ എന്നിവർ കൂടികാഴ്ചയിൽ പങ്കെടുത്തു. യു.എ.യി-ലെ മലയാളം മിഷന്റെ വിവിധ പഠനകേന്ദ്രങ്ങ ളിലയി 3200 പേർ ഭാഷ പഠിക്കുന്നുണ്ട്.



*സാംസ്കാരിക വകുപ്പ് മന്ത്രി എ കെ ബാലൻ യു.എ.ഇ.യിലെ മലയാളം മിഷൻ പ്രവർത്തകർക്കൊപ്പം*

# വെസ്റ്റ് ആഫ്രിക്കയിൽ മലയാളം മിഷന് തുടക്കം



*ബെനിൻ മേഖയിലെ ആദ്യ പഠനകേന്ദ്രത്തിൽനിന്ന്*

*ബെനിൻ:* രാജ്യാതിരുകൾ കടന്ന് മലയാളി ഉള്ളിടത്തെല്ലാം മലയാളം വ്യാപിക്കുകയാണ്. മലയാളം മിഷനിലൂടെ മലയാളഭാഷ ഇപ്പോൾ വെസ്റ്റ് ആഫ്രിക്കയിലും എത്തിയിരുന്നു. ജൂലൈ 27 ന് മിഷന്റെ ആദ്യ പഠനകേന്ദ്രം ബെനിലിൽ ആരംഭിച്ചു. വേൾഡ് മലയാളി ഫെഡറേഷന്റെ (WMF) സഹകരണത്തോടെയാണ് പഠനകേന്ദ്രം ആരംഭിച്ചത്.

എട്ട് കുരുന്നുകളാണ് കണിക്കൊന്നയിലേക്ക് പ്രവേശനം നേടിയത്. അതിൽ ഒരാൾ ആഫ്രിക്കൻ പൗരനാണ് എന്നുള്ളത് മിഷന്റെ പ്രവർത്തനങ്ങളെ കൂടുതൽ അർത്ഥവത്താക്കുന്നു. പുതിയ ഭാഷയേയും പുതിയ പഠനരീതിയേയും കുട്ടികൾ കൗതുകപൂർവ്വമാണ് സ്വാഗതം ചെയ്തത്. മിഷനിൽ നിന്നും പരിശീലനം നേടിയ അനുപമ ഹരീഷാണ് പഠനക്ലാസിന് നേതൃത്വം നൽകിയത്. പുതുതലമുറയിലേക്ക് മാതൃഭാഷ പകരുന്നതിൽ വെസ്റ്റ് ആഫ്രിക്കയിലെ മലയാളീ സമൂഹം വലിയ ഉത്സാഹമാണ് കാണിക്കുന്നത്.

മലയാളം മിഷൻ ബെനിൻ കോ-ഓർഡിനേറ്റർ മിനി അശോക്, ഗ്ലോബൽ കോ-ഓർഡിനേറ്റർ ജെയ്സൺ കാലിയാനിൽ, ആഫ്രിക്ക കോ-ഓർഡിനേറ്റർ ഹരീഷ് നായർ, വേൾഡ് മലയാളി ഫെഡറേഷൻ ചെയർമാൻ പ്രിൻസ് പള്ളിക്കുന്നേൽ തുടങ്ങിയവർ പുതിയ പഠനകേന്ദ്രത്തിന് ആശംസകൾ അറിയിച്ചു.

മുഖമൊഴി

# തിരുച്ചിയിലെ അനുകമ്പാദശകം



ജൂലൈ 7 ന് വൈകുന്നേരം മലയാളം ട്രിച്ചി മേഖലയുടെ പ്രവേശനോത്സവും മലയാളി സംഘടനയുടെ വാർഷികാഘോഷവുമായിരുന്നു. ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (BHEL), ട്രിച്ചിയിലേക്കുള്ള യാത്ര തിരക്കിട്ടതും അവിടെ ചിലവിട്ടത് കുറച്ചു മണിക്കൂറുകൾ മാത്രവുമായിരുന്നു. പക്ഷെ, ആ ചെറുയാത്ര ഉള്ളിലുണർത്തിവിട്ടത് അനന്തമായ പാരസ്പര്യത്തിന്റെ പ്രാക്തന സ്മൃതികളായിരുന്നു.

വെയിൽപ്പാളികളുടെ തിരയോട്ടം മെല്ലെ മെല്ലെ പിൻവാങ്ങുന്ന മൂന്ന് മണി നേരത്താണ് തിരുച്ചിറപ്പള്ളിയിൽനിന്ന് തിരുവെറുമ്പൂരിലേക്ക് യാത്ര തിരിച്ചത്. ഓടിപ്പോകുന്ന കാറിൽനിന്നുള്ള ഒറ്റ ദൃശ്യം മാത്രം മതിയായിരുന്നു എറുമ്പീശ്വര ക്ഷേത്രത്തിന്റെ ലളിതഗംഭീരത മനസിലിരുപ്പുറപ്പിക്കാൻ. എറുമ്പീശ്വരൻ മറ്റാരുമല്ല; പ്രപഞ്ചദേവതാ സങ്കൽപ്പമായ ശിവൻ തന്നെ!! ശിവലിംഗം എന്ന ആദിപ്രരൂപം!



തിരുവെറുമ്പീശ്വരക്ഷേത്രം

*ശിവൻ ഇവിടെ ഒരു എറുമ്പൻപുറ്റായി മാറിയെന്നും തന്റെ ഭക്തരായ എറുമ്പുകൾക്കായി ശിരസ് നമിച്ചുകൊടുത്തുവെന്നും ഐതിഹ്യം. സഹജീവികളോടുള്ള സമാദരത്തിന് ദ്രാവിഡ സംസ്കാരത്തിൽ ഇതിലും വലിയൊരു ദൃഷ്ടാന്തം വേറെയില്ല. മുമ്പെങ്ങോ ചൊല്ലിപ്പഠിച്ച 'അനുകമ്പാദശക'ത്തിന്റെ ആദിവരികൾ എന്റെ നാവിൻതുമ്പിൽ നൃത്തം ചെയ്തു.

"ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നൽകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും"

തിരുച്ചിറപ്പള്ളിയിൽനിന്ന് 400 കിലോമീറ്റർ അകലെ വർക്കലയിലിരുന്ന് 1914 ൽ ശ്രീനാരായണഗുരു അനുകമ്പാദശകം എഴുതുമ്പോൾ ഒരു എറുമ്പിനുപോലും പീഡവരുത്തരുതേയെന്ന് അനുകമ്പ ഹൃദയത്തിൽ നിറയ്ക്കുന്ന 'കരുണ' ആകരമായ ഈശ്വര സങ്കൽപ്പമായിരുന്നു ഗുരുവിന്റെ ഉള്ളിനെ ഉണർത്തിയത്. ആ ഉണർവാണല്ലോ പിന്നീട് കേരളത്തിന്റെ നവോത്ഥാനമായി പരിണമിച്ചത്.



ഭക്തിപാരമ്പര്യത്തിലെ മഹാകവി ജ്ഞാനസംബന്ധാർ അദ്ദേഹത്തിന്റെ 'തേവാരം' കൃതികളിൽ തിരുവെറുമ്പീശ്വരനെ വാഴ്ത്തിപ്പാടുന്നുണ്ട്.

കാവേരി നദീതീരത്ത് ആദിത്യ ചോളൻ (871-907 CE) തന്റെ യുദ്ധ വിജയത്തിന്റെ സ്മാരകമായി പണികഴിപ്പിച്ച ക്ഷേത്രമാണ് എറുമ്പീശ്വരക്ഷേത്രം. ഇതുമായി ബന്ധപ്പെട്ട ശിലാലിഖിതങ്ങളും അവിടെയുണ്ട്. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയാണ് ക്ഷേത്രം സംരക്ഷിക്കുന്നത്.

എറുമ്പീശ്വരന്റെ കരുണാപൂർണമായ ഇടത്തിൽ, ഒരു എറുമ്പിനുപോലും പീഡയരുതേയെന്ന് പ്രാർഥിക്കാൻ പഠിപ്പിച്ച നാരായണഗുരുവിന്റെ നാട്ടിൽനിന്ന് തൊഴിൽതേടിയെത്തിയ മലയാളി കുടുംബങ്ങളുടെ മഹാസദസ്സിലേക്കെത്തുമ്പോൾ ചരിത്രത്തിന്റെയും കാലത്തിന്റെയും ഒത്തുചേരലിൽ മനസ് ആമഗ്നമായിരുന്നു.

എറുമ്പീശ്വരനെ കാണാതെയുള്ള അതികാലത്തെ മടക്കയാത്രയിൽ നിലാവിന്റെ മങ്ങിയ വെളിച്ചത്തിൽ കുന്നിൻ മുകളിൽ ക്ഷേത്രം പിൻവിളിച്ചുകൊണ്ടിരുന്നു. കാവേരിയുടെ ആർദ്രമായ ജൈവികതയിൽ എറുമ്പുകൾക്കുവേണ്ടി പോലും കാരുണ്യത്താൽ തലകുനിച്ചു നിൽക്കുന്ന ആ ഈശ്വരന്റെ അനുകമ്പ എല്ലാവരുടെയും മനസിലുണ്ടാകണേയെന്ന് ഉള്ളുരുക്കത്തോടെ ആഗ്രഹിക്കാതിരിക്കാൻ കഴിഞ്ഞില്ല.

*പണ്ട് താരകാസുരൻ ഭൂമിയെയും സ്വർഗത്തെയും കീഴ്പ്പെടുത്തി. ഇന്ദ്രനും പരിവാരങ്ങളും രക്ഷയ്ക്കായി ബ്രഹ്മാവിനെ അഭയം പ്രാപിച്ചു. തിരുവെറുമ്പൂരിലുള്ള ശിവനെ പൂജിക്കാൻ ബ്രഹ്മാവ് അവരെ ഉപദേശിച്ചു. ദേവന്മാർ എറുമ്പുകളായി രൂപം മാറി തിരുവെറുമ്പൂരിലെത്തി. എന്നാൽ എറുമ്പുകൾക്ക് ശിവലിംഗത്തിൽ കയറാൻ കഴിഞ്ഞില്ല. അപ്പോൾ ശിവലിംഗം എറുമ്പിൻപുറ്റായി മാറിയെന്നും എറുമ്പുകൾക്ക് കയറാനാവും വിധം തലകുനിച്ചുകൊടുത്തുവന്നും പുരാണം പറയുന്നു.

**പ്രൊഫ. സുജ സൂസൻ ജോർജ്ജ്** (ചീഫ് എഡിറ്റർ)
ഡയറക്ടർ, മലയാളം മിഷൻ

തിരുവെറുമ്പീശ്വരക്ഷേത്രത്തിലെ ശിലാലിഖിതങ്ങൾ



## അധ്യാപകരോട്.....

## വിഭിന്ന നിലവാരക്കാരെ എങ്ങനെ പരിഗണിക്കും?

*ഇക്കഴിഞ്ഞ മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ നടന്ന അധ്യാപക പരിശീലനങ്ങളിൽ ഏറെ ഉയർന്നുകേട്ട ഒരു സംശയം – വിഭിന്ന നിലവാരക്കാരെ എങ്ങനെ പരിഗണിക്കും? വിഭിന്ന പ്രായക്കാരെ ഒരേ സമയം കൈകാര്യം ചെയ്യുന്നത് എങ്ങനെ?*

*ഈ ചോദ്യങ്ങൾ എക്കാലത്തും എല്ലായിടത്തും പ്രസക്തമായവയാണ്. വിഭിന്ന നിലവാരം ഉണ്ടാകുന്നത് ഏറെയും 'പഠനവേഗത'യെ ആശ്രയിച്ചാണ്. ചിലർ വേഗത്തിൽ കാര്യങ്ങൾ ഗ്രഹിക്കും. ചിലർക്ക് താമസം നേരിടും. ശ്രദ്ധയെ വ്യതിചലിപ്പിക്കുന്ന ഘടകങ്ങളുടെ ഏറ്റക്കുറച്ചിൽ കാര്യങ്ങൾ സ്വാംശീകരിക്കുന്നതിന്റെ അളവിലും വ്യാപ്തിയിലും ഭിന്നത ഉണ്ടാക്കുന്നു. സമപ്രായക്കാരിലും ഈ ഭിന്ന നിലവാരം കൃത്യമായി ഉണ്ടെന്ന് പറയാം. അപ്പോൾ ഈ രണ്ടു പ്രശ്നങ്ങളെയും ഒരേപോലെ അധ്യാപിക നേരിടേണ്ടിവരുന്നുവെന്നതാണ് വാസ്തവം.*

*പഠനവേഗതയുടെ ഏറ്റക്കുറച്ചിൽ, പഠനാന്തരീക്ഷത്തിന്റെ സ്വാധീനം, രക്ഷിതാക്കളുടെ പിന്തുണ, അധ്യാപികയുടെ പ്രോത്സാഹനം മുതലായ ഘടകങ്ങൾ ഇതിന് കാരണമത്രെ. ഇതിൽ എന്താണ് നിലവാരത്താഴ്ചയുടെ കാരണമെന്ന് അധ്യാപിക സൂക്ഷ്മനിരീക്ഷണത്തിലൂടെ മനസിലാക്കണം. പഠനവേഗത കുറവുള്ള കുട്ടികൾക്ക് അധ്യാപികയുടെ വ്യക്തിപരമായ ശ്രദ്ധ കൂടുതൽ വേണ്ടിവരും. അടുത്ത് ചെന്നിരുന്ന് വായനയ്ക്കും എഴുത്തിനും സഹായിക്കേണ്ടിവരും. രക്ഷിതാക്കൾ കുട്ടികളെ പഠനകേന്ദ്രങ്ങളിൽ പതിവായി പറഞ്ഞയക്കാതിരിക്കുന്ന പ്രവണതയുണ്ട്. ഗൃഹസന്ദർശനം ഒരു പരിധിവരെ ഈ അവസ്ഥ മാറ്റിയെടുക്കാൻ സഹായകമാകും. രക്ഷിതാക്കളുമായി അധ്യാപിക ഒരു നല്ല സുഹൃത്ത്ബന്ധം സ്ഥാപിച്ചെടുക്കുക. കുട്ടികളുടെ പഠനകാര്യങ്ങൾ അവരുമായി ചർച്ച ചെയ്യുക. പതിവായി കേന്ദ്രത്തിൽ പറഞ്ഞയക്കാൻ സ്നേഹബുദ്ധ്യാ നിർബന്ധിക്കുക.*

*ക്ലാസിൽ പതിവായി കുട്ടികൾ വരുന്നതിന് അധ്യാപികയുടെ പ്രോത്സാഹനം അത്യന്താപേക്ഷിതമാണെന്ന് പറയേണ്ടതില്ലല്ലോ. കുട്ടികൾക്കിഷ്ടപ്പെടുന്ന ധാരാളം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാൽ തന്നെ ഇത് സാധ്യമാകും. എന്തിനും ഏതിനും ആശ്രയിക്കാവുന്ന ഒരാളായി അധ്യാപികയെ കുട്ടിക്ക് അനുഭവപ്പെടണം. മൃദുസമീപനവും സാന്ത്വനവും സൗഹൃദവും ഇതിന് അനിവാര്യമാണ്.*

*വിഭിന്ന പ്രായക്കാർ ഒരേ ക്ലാസിൽ ഉണ്ടാകുന്നത് അധ്യാപിക നേരിടുന്ന വലിയ വെല്ലുവിളിയാണ്. 'പിയർ ഗ്രൂപ്പ് പഠനം' ഇതിന് അനിവാര്യമാണ്. ഒരേ പ്രായവും നിലവാരവും ഉള്ള കുട്ടികളെ ഒരേ ഗ്രൂപ്പിൽ ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ നൽകുക, 'മൾട്ടി ലെവൽ' ഗ്രൂപ്പുകളിൽ മുതിർന്ന പഠിതാക്കൾക്ക് കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുക, അവരെ ഗ്രൂപ്പ് ലീഡർമാർ ആയി നിശ്ചയിക്കുക തുടങ്ങിയ സന്ദർഭോചിതമായ തന്ത്രങ്ങൾ അധ്യാപിക സ്വീകരിക്കേണ്ടിവരും. അധ്യാപക പരിശീലനങ്ങളിലും ക്ലസ്റ്റർ കൂടിച്ചേരലുകളിലും വളരെ ഗൗരവമായി ഇക്കാര്യങ്ങൾ ചർച്ചയ്ക്കു വിധേയമാക്കേണ്ടതാണ്.*

*എം. സേതുമാധവൻ*
*രജിസ്ട്രാർ മലയാളം മിഷൻ*

## അറിയിപ്പ്

**മലയാളം മിഷന്റെ നിർദേശങ്ങൾ പാലിച്ചുള്ള 2019 – 20 ലെ ധനസഹായത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.**




## 'തളിര്' മാസികയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിർ മാസികയിൽ മലയാളം മിഷന് പേജുകൾ അനുവദിച്ചിട്ടുണ്ട്. മലയാളത്തിന്റെ അഭിമാനമായ കവയത്രിയും മലയാളം മിഷൻ ഭരണസമിതി അംഗവുമായ ശ്രീ. സുഗതകുമാരിയാണ് തളിർ മാസികയുടെ ചീഫ് എഡിറ്റർ. തളിർ മാസികയിൽ ഉൾപ്പെടുത്തുന്നതിലേക്ക് നമ്മുടെ പഠനകേന്ദ്രങ്ങളിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും രചനകൾ ക്ഷണിക്കുന്നു.

മികച്ച രചനകൾ അതാത് മേഖലാ കോ-ഓർഡിനേറ്റർമാർ സാക്ഷ്യപ്പെടുത്തി എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി മലയാളം മിഷനിലേക്ക് അയച്ചുതരണമെന്ന് അഭ്യർഥിക്കുന്നു. ഇതിൽ നിന്നും തിരഞ്ഞെടുക്കുന്നവ തളിർ മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**Website: www.ksicl.org**

*Email:* thalirmalayalammission@gmail.com




### 2019 – 20 മുംബൈ ചാപ്റ്റർ പ്രവേശനോത്സവത്തിന്റെ ഭാഗമായി നടത്തിയ ചിത്രരചന മത്സരഫലം

**ഗ്രൂപ്പ് – എ**

| | |
|---|---|
| പെൻസിൽ ഡ്രോയിംഗ് | – ധ്യാൻ (ഒന്നാം സമ്മാനം), ന്യൂബോംബെ കേരളീയ സമാജം<br>ഇഷാൻ (രണ്ടാം സമ്മാനം), കാന്തിവല്ലി സമതനഗർ |
| കളറിംഗ് | – നാടാർ സുരാജ് വിജയ്സൺ (ഒന്നാം സമ്മാനം), കാഷ്മിര ബി.എം.എസ് |

**ഗ്രൂപ്പ്-ബി**

| | |
|---|---|
| പെൻസിൽ സകെച്ച് | – അമിത് ജി. വാര്യർ (ഒന്നാം സമ്മാനം), ആസാദ് നഗർ മലയാളി സമാജം<br>അഭിനവ് രാജൻ (രണ്ടാം സമ്മാനം), വസായ്, വെസ്റ്റ്, ബി.കെ.എസ് |
| കളർ ഡ്രോയിംഗ് | – ശ്രീകമൽ (ഒന്നാം സമ്മാനം), ഐരോളി കൈരളി കൾച്ചറൽ& എഡ്യൂക്കേഷണൽ അസോസിയേഷൻ<br>– നന്ദന ആർ. നായർ (രണ്ടാം സമ്മാനം), കൽഹെർ മലയാളി സമാജം |

**ഗ്രൂപ്പ്-സി**

| | |
|---|---|
| പെൻസിൽ സെക്ച്ച് | – ഷാരോ കെ. ഉണ്ണി (ഒന്നാം സമ്മാനം), വാവ്രെ നഗർ<br>സുകന്യ സുരേന്ദ്രൻ (രണ്ടാം സമ്മാനം), പെൻ വാഡ്ക്കൽ |
| കളർ ഡ്രോയിംഗ് | – വിസ്മയ വിനോദൻ (ഒന്നാം സമ്മാനം), കൽഹെർ മലയാളീ സമാജം<br>സുകന്യ അഘില ബാലകൃഷ്ണൻ (രണ്ടാം സമ്മാനം), ഗാന്ധിനഗർ |

# അപൂർവ നിമിഷങ്ങൾ



**മഷിത്തണ്ട്**

**അധ്യാപകരുടെ അനുഭവമെഴുത്തുകൾ.....**

2012 ഡിസംബറിലെ ഒരു ഞായറാഴ്ച. മലയാളം പഠിക്കാനെത്തിയ മൂന്നു മുതൽ 20 വയസ്സുവരെ പ്രായമുള്ള നാൽപതോളം കുട്ടികൾ. പുത്തരിയിൽ ഹരിശ്രീ എഴുതിയ്ക്കുമോ തരിമണലിൽ ആദ്യാക്ഷരം കുറിപ്പിക്കുമോ എന്നൊക്കെയുള്ള കേവല സംശയങ്ങളോടെ അക്ഷര പഠനത്തിനെത്തിയ അവരെ കൈപിടിച്ചാനയിച്ചത് എഴുത്തോലയും നാരയവുമില്ലാത്ത അമ്മ മലയാളത്തിന്റെ പുതിയ ലോകത്തായിരുന്നു.

പേരെഴുതി വാരിവിതറിയ കുറുപ്പുകളിൽ നിന്ന് തേടിയെത്തുന്ന സ്വന്തം പേരുകൾ നെഞ്ചോടു ചേർത്തു നിന്ന അവരുടെ മുഖത്തെ വിസ്മയഭാവം ഇപ്പോഴുമോർക്കുന്നു. ആദ്യ ദിവസം തന്നെ സ്വന്തം പേരിലെ അക്ഷരങ്ങൾ മന:പാഠമാക്കി അവർ മടങ്ങും മുമ്പ് വെറുതേ ചോദിച്ചു... "ഇതുപോലെ നമുക്ക് അച്ഛന്റെം, അമ്മേടേം, ചേച്ചിടേം, ചേട്ടന്റെമൊക്കെ പേരുകൾ പഠിയ്ക്കണ്ടേ?"

ഉച്ചത്തിൽ കേട്ട "വേണം" മറുപടിയിൽ മാതൃഭാഷയുടെ മാസ്മരിക മുഴക്കമുണ്ടായിരുന്നു.

അവിടിന്നിങ്ങോട്ട് മലയാളം മിഷൻ ഭാഷാ പരിശീലനവുമായി കുട്ടികൾക്കൊപ്പം നടന്ന വഴികളിൽ കണ്ടതും കേട്ടതുമെല്ലാം പങ്കുവയ്ക്കാൻ ഒരു മഴിത്തണ്ടു മതിയാവില്ല....

കുഞ്ഞുണ്ണി മാഷിനെയും ഇമ്മിണി ബല്യ ബഷീറിനെയുമൊക്കെ ആദ്യമായി പരിചയപ്പെട്ട പ്രവാസികുട്ടികൾ ആശ്ചര്യത്തോടെ അവരെ ഏറ്റുപറയാനും പാടാനും തുടങ്ങിയത് അവർക്ക് പുതിയ അനുഭവമായിരുന്നു.... കണ്ണാടിയും മാമ്പഴവും നാറണത്തു ഭ്രാന്തനും മറ്റു നാടൻ പാട്ടുകളുമൊക്കെ ഈണത്തിൽ അവർ ചൊല്ലാൻ തുടങ്ങിയപ്പോൾ അവരറിയാതെ അക്ഷരങ്ങൾ അവരിലേക്കിറങ്ങിച്ചെല്ലുകയായിരുന്നു.... മണ്ണും, മരവും മഴയും പുഴയും പുഴുവും പക്ഷിയുമെല്ലാം പരിരക്ഷിക്കപ്പെടേണ്ട പ്രകൃതി സമ്പത്തുകളാണെന്ന തോന്നലുകളിലേക്ക് അവരെ നടത്തിയപ്പോൾ അവരറിയാതെ അവരുടെ മുന്നിൽ തുറന്നത് മലയാളത്തിന്റെ സാംസ്കാരിക തനിമയുടെ വാതായനങ്ങൾ കൂടിയായിരുന്നു.

വയറിന്റെ മൂളക്കമാണ് വിശപ്പ് എന്നു പറഞ്ഞു ഫലിപ്പിക്കാൻ ശ്രമിച്ച നാലു വയസ്സുകാരിയും മലയാളം പഠിക്കുന്നത് മുത്തശ്ശിയോടു മിണ്ടാനാണെന്നു പറഞ്ഞ ഒന്നാം ക്ലാസ്സുകാരനും സ്നേഹമുണ്ടു വീട്ടിൽ... സത്യമുണ്ടു വീട്ടിൽ... അമ്മുവിന്റെ വീട് എന്തു നല്ല വീട് എന്നു മറുകവിത രചിച്ച മൂന്നാം ക്ലാസുകാരനുമൊക്കെ എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അങ്ങിനെ എത്രയെത്ര അപൂർവ്വ നിമിഷങ്ങൾ!! ഒന്നും ഒരിക്കലും മനസ്സിൽ നിന്നു മാഞ്ഞുപോവില്ല.

അവരൊക്കെ ഇപ്പോൾ സൂര്യകാന്തിയുടെ നിറവിലാണ്.

അക്കാഡമിക്, പാഠ്യേതര പഠനഭാരങ്ങൾ താങ്ങി തളർന്ന മറുനാടൻ കുഞ്ഞുങ്ങളുടെ തലയിൽ മറ്റൊരു പാരമ്പര്യ പഠനഭാരമല്ല ഭാഗ്യവശാൽ നമ്മുടെ മലയാളം മിഷൻ പാഠ്യപദ്ധതി. ലളിതവും രസകരവുമായി അത് അവരിലെത്തിക്കുക എന്നത് പക്ഷേ ഏറെ ശ്രമകരമായ ജോലി തന്നെയാണ്. ആ ശ്രമം നടത്തിയിടത്തൊക്കെ അല്പമായെങ്കിലും വിജയിച്ചു എന്നതിലാവണം..... "ന്നാ നമുക്ക് ക്ലാസ്സ് നിർത്തിയാലോ...?" എന്ന ചോദ്യത്തിന് 'വേണ്ട മാഷേ' എന്നുറക്കെ പറയുന്ന കുട്ടികളെയും അഭിമാനപൂർവ്വം എനിക്കോർക്കാനുണ്ട്.

ഒടുവിൽ ക്ലാസ്സ് കഴിഞ്ഞു പിരിയുമ്പോൾ 'നന്ദി മാഷേ...' എന്നവരുടെ നിഷ്കളങ്ക ഹൃദയാവിഷ്ക്കാരം കേൾക്കാൻ ഇപ്പോഴും കൊതിയാണ്... കാരണം അതിനുപകരം വയ്ക്കാൻ മറ്റൊന്നിനുമാവില്ലല്ലോ.

**തങ്കച്ചൻ പന്തളം**
*(മലയാളം മിഷൻ ഭാഷാധ്യാപകൻ
ബാംഗ്ലൂർ മേഖല)*



# സീനയും കുട്ട്യോളും



മലയാളം ക്ലാസ് കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ കാറിൽ ഒപ്പം എന്റെ മകൻ കുട്ടുവും അനന്തിരവൻ മിട്ടുവുമുണ്ട്. ഞാനവർക്ക് മൃഗങ്ങളുടെ പേരുകൾ പരിചയപ്പെടുത്തുകയായിരുന്നു. Dog എന്നാൽ പട്ടി. Cat പൂച്ച, Lion സിംഹം, Tiger എന്നു ഞാൻ പറഞ്ഞു തീരും മുമ്പേ കുട്ടുവിന്റെ 'Tongue in cheek' ഉത്തരം വന്നു. 'വല്യപൂച്ച'

ഒന്നും ഒന്നും എത്രയാണെടാ? എന്ന വാദ്ധ്യാരുടെ ചോദ്യത്തിന് മജീദിന്റെ മറുപടി വിശ്വവിഖ്യാതമായിരുന്നു. 'ഇമ്മണി ബല്യ ഒന്ന്' യാഥാർഥ്യത്തിന്റെ മുഷിപ്പൻ ലോകത്ത് ആ ഉത്തരം വിലപോകില്ലെങ്കിലും എത്ര ഭാവനാ പൂർണ്ണവും കാവ്യാത്മകവുമായിരുന്നു ആ കണക്ക് കൂട്ടൽ. രണ്ട് പുഴകൾ ഒരുമിച്ച് ചേർന്ന് വലിയൊരു പുഴയാകുന്നതുപോലെ ഒന്നും ഒന്നും ചേർന്നാൽ എന്തുകൊണ്ട് വലിയ ഒരൊന്നായിക്കൂടാ?

**ഡോ. സീന ദേവകി**
**യു.കെ.**

# ഒത്തുചേരലിന്റെ ഇടംകൂടിയാണ് മിഷൻ പഠനകേന്ദ്രങ്ങൾ: പ്രൊഫ. സുജ സൂസൻ ജോർജ്



*മുംബൈ മലയാളം മിഷൻ മാതൃഭാഷാ സ്നേഹസംഗമത്തിൽ എം. മുകുന്ദൻ*

*മുംബൈ:* മലയാളം മിഷൻ പഠനകേന്ദ്രങ്ങൾ ഭാഷ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ മാത്രമല്ല. പ്രവാസികൾക്ക് അവിടം ഒരു ഒത്തുചേരലിന്റെ ഇടം കൂടിയാണെന്ന് മിഷൻ ഡയറക്ടർ പ്രൊഫ. സുജ സൂസൻ ജോർജ്. മലയാളം മിഷൻ മുംബൈ ചാപ്റ്റർ സംഘടിപ്പിച്ച മാതൃഭാഷ സ്നേഹ സംഗമത്തിന്റെ കേന്ദ്രതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അവർ. മിഷന്റെ മലയാള ഭാഷ വ്യാപന ദൗത്യം പ്രവാസികൾ ഉത്തരവാദിത്തത്വത്തോടെയും സ്നേഹത്തോടെയുമാണ് ഏറ്റെടുക്കുന്നതെന്നും അവർ അഭിപ്രായപ്പെട്ടു. ചടങ്ങിൽ പ്രേമൻ ഇല്ലത്തിന്റെ 'പുറത്താക്കപ്പെട്ട വരുടെ പുസ്തകം' എന്ന നോവലിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്തു.

> **കേരളത്തെ എന്നും സമ്പന്നമാക്കിയത് പ്രവാസികളാണ് – എം. മുകുന്ദൻ**

സംഗമത്തിനോടനുബന്ധിച്ച് ഇൻഡോ അറബ് കൾച്ചറൽ സെന്ററിന്റെ ഉദ്ഘാടനം മലയാളത്തിന്റെ പ്രിയ കഥാകാരൻ എം. മുകുന്ദൻ നിർവഹിച്ചു. കേരളത്തെ എന്നും സമ്പന്നമാക്കിയത് പ്രവാസികളാണെന്ന് അദ്ദേഹം ഓർമിച്ചു. എം. മുകുന്ദനെക്കുറിച്ച് ഇ.എം. അഷ്റഫ് തയ്യാറാക്കിയ 'ബോംഴൂർ മയ്യഴി' എന്ന് ഹ്രസ്വ ചിത്ര പ്രദർശനവും സംഗമത്തിൽ നടന്നു. ഇൻഡോ അറബ് കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ ജൂലൈ 14-ന് സംഘടിപ്പിച്ച പരിപാടിയിൽ സുരേഷ് വർമ്മ തയ്യാറാക്കിയ കുമാരനാശന്റെ 'വീണപൂവി'ന്റെ നൃത്താവിഷ്ക്കാരം അരങ്ങേറി. കൂടാതെ ചടങ്ങിൽ കേരള പ്രവാസി അക്കാഡമിയുടെ നയപ്രഖ്യാപനവും നടന്നു. കഥാകൃത്ത് കെ.ജെ. ജോണി, മിഷൻ മുംബൈ ചാപ്റ്റർ സെക്രട്ടറി രാമചന്ദ്രൻ മഞ്ചറമ്പത്ത്, ഡോ. കെ.പി. ഹുസൈൻ. പ്രിയാ വർഗ്ഗീസ്, ടി.എൻ. ഹരിഹരൻ, റീന സന്തോഷ്, രാജീവ് തുടങ്ങിയവർ സംഗമത്തിൽ സംസാരിച്ചു. മുംബൈ ചാപ്റ്ററിന്റെ കീഴിൽ സംഘടിപ്പിച്ച കലാമത്സര വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. മാതൃഭാഷ സ്നേഹ സംഗമത്തിന്റെ ഭാഗമായി ജൂലൈ 14 മുതൽ 28 വരെ മിഷന്റെ വിവിധ പഠന കേന്ദ്രങ്ങളിൽ കുടുംബ സദസ്സുകൾ സംഘടിപ്പിക്കും.

## മിഷൻ കുട്ടികൾക്കായി സംഗീത നാടക അക്കാഡമിയുടെ ശിൽപ്പശാല

*സെക്കന്തരബാദ്:* കേരള സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ മലയാളം മിഷൻ വിദ്യാർത്ഥികൾക്കായി നാടക ശിൽപ്പശാല സംഘടിപ്പിച്ചു. മെട്ടുഗുഡ കൈരളി സമാജത്തിൽ ജൂൺ 29 ന് നടന്ന ശിൽപ്പശാലയിൽ നിരവധി കുട്ടികൾ പങ്കെടുത്തു. നാടക പ്രവർത്തകനും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല അധ്യാപകനുമായ വിനോദ് കുമാർ ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകി.പ്രകാശ-ശബ്ദ വിന്യാസം, സംവിധാനം, അഭിനയം, രംഗസജ്ജീകരണം തുടങ്ങി നാടകത്തിന്റെ വിവിധ മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ളതായിരുന്നു ശിൽപ്പശാല. വിദ്യാർത്ഥികൾ തയ്യാറാക്കിയ ലഘു നാടകവും അരങ്ങേറി നാടക പ്രവർത്തകൻ കലാശ്രീ രാമകൃഷ്മൻ കെ.എസ്.എൻ.എ അഡ്മിനിസ്ട്രേറ്റർ മധു, മിഷൻ കോ-ഓർഡിനേറ്റർ പ്രദീപ് പൊന്നൻ, ബിജു, കെ.യു ഐസക് തുടങ്ങിയവർ ശിൽപ്പശാലയിൽ പങ്കെടുത്തു.



*മെട്ടുഗുഡ കൈരളി സമാജത്തിൽ നടന്ന ശിൽപ്പശാലയിൽനിന്ന്*

## പുതിയ അധ്യയന വർഷം ആസൂത്രണം ചെയ്യാൻ സഹവാസ ക്യാമ്പ്

*ചെന്നൈ:* പുതിയ അധ്യയനവഴികൾ ആസൂത്രണം ചെയ്യാൻ മലയാളം മിഷൻ അധ്യാപകർ ഒത്തുകൂടുന്നു. മിഷന്റെ തമിഴ്നാട് ചാപ്റ്ററിന് കീഴിലുള്ള അധ്യാപകർക്കായാണ് സഹവാസ ക്യാമ്പ് ഒരുങ്ങുന്നത്. ഓഗസ്റ്റ് 23, 24 തീയതികളിൽ സംഘടിപ്പിക്കുന്ന ക്യാമ്പിൽ തമിഴ്നാട്ടിലെ 16 മേഖലകളിൽ നിന്നുള്ള അധ്യാപകർ പങ്കെടുക്കും മിഷൻ പഠനകേന്ദ്രങ്ങൾ നടത്തുന്ന സംഘടനകളുടെ സഹകരണത്തോടെയാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

മലയാളം മിഷൻ ഭരണസമിതി അംഗം ശാരദക്കുട്ടി ക്യാമ്പ് ഉദ്ഘാടനം ചെയ്യും. മിഷൻ ഡയറക്ടർ പ്രൊഫ. സുജ സൂസൻ ജോർജ് ചടങ്ങിൽ പങ്കെടുക്കും.

## ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മിഷൻ വിദ്യാർഥികൾക്കായി മത്സരങ്ങൾ സംഘടിപ്പിച്ചു

*ചെന്നൈ:* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മലയാളം മിഷനിലെ വിദ്യാർഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് മദിരാശി കേരള സമാജത്തിൽ സംഘടിപ്പിച്ച "പുസ്തകോത്സവം 2019"ന്റെ ഭാഗമായിട്ടാണ് മത്സരങ്ങൾ നടത്തിയത്. രണ്ടു ദിവസങ്ങളിലായാണ് മത്സരങ്ങൾ ഒരുക്കിയിരുന്നത്. ജൂലൈ 28 ന്ചിത്രരചന, പ്രശ്നോത്തരി എന്നിവയും ആഗസ്റ്റ് നാലിന് പ്രസംഗം, പദ്പാരായണം, കഥ-കവിത-ഉപന്യാസ രചന, കടംകഥ, കേട്ടെഴുത്ത്, കവിതാലാപനം എന്നിവയും നടന്നു. ജൂലൈ 28 ന് ആരംഭിച്ച പുസ്തകോത്സവം ആഗസ്റ്റ് നാലിന് അവസാനിച്ചു.



# കഥകളി



## കേരളത്തിന്റെ അരങ്ങ് കാവ്യം



കേരളത്തിന്റെ തനത് ക്ലാസിക്കൽ കലാരൂപമാണ് കഥകളി. നമ്മുടെ സാംസ്കാരിക സമ്പത്ത് തലയെടുപ്പോടെ നിൽക്കുന്ന ഈ കലാരൂപം 17-ാം നൂറ്റാണ്ടിലാണ് ഉദയം ചെയ്തത്. കൊട്ടാരക്കര തമ്പുരാൻ ചിട്ടപ്പെടുത്തിയ 'രാമനാട്ടം'കഥകളിയുടെ പ്രാഗ്‌രൂപമായി കണക്കാക്കപ്പെടുന്നു. രാമയണകഥയാണ് ഉള്ളടക്കം. കോഴിക്കോട് സാമൂതിരി മാനദേവൻ ചിട്ടപ്പെടുത്തിയ 'കൃഷ്ണനാട്ട'വുമായി (സംസ്കൃതം) രാമനാട്ടത്തിന് അഭേദ്യബന്ധമുണ്ട്. കഥകളിയുടെ പിറവിക്കുപിന്നിൽ രസകരമായ ഒരു കഥയുണ്ട്. കൊട്ടാരക്കര തമ്പുരാൻ കൃഷ്ണനാട്ടം അവതരിപ്പിക്കുന്നതിനായ് മാനദേവനോട് കൃഷ്ണനാട്ടം കലാകരൻമാരെ അയയ്ക്കണമെന്ന് അഭ്യർഥിച്ചു. മാനദേവൻ ആ ക്ഷണം നിരസിച്ചു. അതിൽ പ്രകോപിതനായ കൊട്ടാരക്കര തമ്പുരാൻ രാമനാട്ടം ചിട്ടപ്പെടുത്തി രംഗത്ത് അവതരിപ്പിച്ചു. രാമനാട്ടം പിന്നീട് പല പരിഷക്കരണത്തിനും വിധേയമായി ഇന്നുകാണുന്ന കഥകളിയിലെത്തി. കല്ലുവഴിച്ചിട്ട, കപ്ലിങ്ങോടൻ ചിട്ട എന്നിവ കഥകളിയിലെ പ്രധാനപ്പെട്ട പരിഷ്ക്കരണങ്ങളാണ്.

കേരളത്തിലെ സംസ്കൃതാഭിനയ സമ്പ്രദായമായ കൂടിയാട്ടം, കൂത്ത്, പാഠകം എന്നിവയുടെ സ്വധീനം കഥകളിയിൽ കാണാം. കേരളത്തിലെ അനുഷ്ഠാന കലകളായ തെയ്യം, തിറ, മുടിയേറ്റ്, പടയണി എന്നിവയും വേലകളി, പാനകളി, സംഘംകളി തുടങ്ങിയ നാടൻ കലാരൂപങ്ങളും കഥകളിയുടെ ഇന്ന് കാണുന്ന രൂപത്തിനലാകുന്നതിന് സഹായിച്ച കലകളാണ്. 'ഹസ്തലക്ഷണദീപിക'യാണ് കഥകളിയിലെ മുദ്രകൾക്കവലംബം. അഭിനയ രീതിയിൽ ഭരതമുനിയുടെ നാട്യശാസ്ത്രത്തെയാണ് കൂടുതലായ് ആശ്രയിച്ചിരിക്കുന്നത്. ഗായകർ പിന്നണിപാടും നടൻ രംഗത്ത് അത് അവതരിപ്പിക്കും ഇതാണ് കഥകളിയുടെ അവതരണ രീതി. ജയദേവകവിയുടെ 'ഗീതഗോവിന്ദമാണ്' കഥകളിയുടെ ഗാനരീതിക്ക് അടിസ്ഥാനം. ഓരോ സന്ദർഭത്തിനനുസരിതച്ചുള്ള വ്യത്യസ്തമായ ചടങ്ങുകൾ ഈ കലാരൂപത്തിനുണ്ട്. കഥാപാത്രങ്ങളുടെ സ്വഭാവമനുസരിച്ചാണ് വേഷങ്ങൾ നിർണ്ണയിച്ചിരിക്കുന്നത്. കഥകളിയുടെ രംഗസജീകരണവും പ്രധാനപ്പെട്ടതാണ്.

കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. ആട്ടക്കഥയിലെ അത്ഭുത പ്രഭാവന്മാരാണ് ഉണ്ണായിവാര്യരും കോട്ടയം തമ്പുരാനും. 'കോട്ടം വിട്ടൊരു കോട്ടയം കഥകൾ' എന്നാണ് കോട്ടയം തമ്പുരാന്റെ ആട്ടക്കഥകളെ വിശേഷിപ്പിക്കുന്നത്. ഉണ്ണായി വാര്യരുടെ നളചരിതം ആട്ടക്കഥ സാഹിത്യത്തിലെ ഒരമൂല്യ രചനയാണ്.

**വാദ്യങ്ങൾ:** കഥകളിയിൽ നാല് വാദ്യങ്ങൾ മാത്രമേ ഉപയോഗിക്കൂ. ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം എന്നിവയാണവ.

**ചടങ്ങുകൾ:** കേളി, അരങ്ങ്കേളി (കേളികൈ), തോടയം, വന്ദനശ്ലോകം, പുറപ്പാട്, മേളപ്പദം, മഞ്ജുതര എന്നിവയാണ് പ്രധാന ചടങ്ങുകൾ.

*കേളി* - കഥകളി നടക്കുന്നു എന്ന് നാട്ടുകാരെ അറിയിക്കുന്ന ചടങ്ങാണിത്. ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം എന്നീ നാല് വാദ്യങ്ങളും ഇതിലുപയോഗിക്കുന്നു.

*അരങ്ങ് കേളി (കേളിക്കൈ)* - അരങ്ങിൽ വിളക്ക് വെച്ച് കഴിഞ്ഞാൽ ചെണ്ട ഒഴികെ മറ്റ് മൂന്നു വാദ്യങ്ങൾ ചേർത്ത് നടത്തുന്ന മേളം.

*തോടയം* - ഒന്നോ രണ്ടോ കുട്ടി വേഷങ്ങൾ തിരശ്ശീലക്ക് പിന്നിൽ നടത്തുന്ന ഇഷ്ടദേവതാ പ്രധാനമായ നൃത്തമാണിത്

*വന്ദനശ്ലോകം* - തോടയം കഴിഞ്ഞാൽ ഗണപതി, ശിവൻ, വിഷ്ണു, ദേവി എന്നിവരെ സ്തുതിച്ചുകൊണ്ടുള്ള പാട്ടാണിത്.

*പുറപ്പാട്* - ഒരു പുരുഷവേഷവും സ്ത്രീ വേഷവും ചേർന്ന് കഥാരംഭത്തിലെ ശ്ലോകം ചെല്ലി നാല് ചരണങ്ങളുള്ള പുറപ്പാട് പദം പാടുന്ന ചടങ്ങ്.

*നിലപ്പദം* - പുറപ്പാട് പദത്തിന്റെ തുടർച്ചയായി മറ്റൊരു താളത്തിൽ പാടുകയും അതിനനുസരിച്ച് നൃത്തം വെയ്ക്കുകയും ചെയ്യുന്നതാണ് നിലപ്പദം.

*മേളപ്പദം (മഞ്ജുതര)* - മേളപ്പദം എന്നാൽ ജയദേവകവിയുടെ ഗീതാഗോവിന്ദത്തിലെ 21-ാം അഷ്ടപതിയാണ് മഞ്ജുതര എന്നാരംഭിക്കുന്ന പദം.

**വേഷങ്ങൾ:** സാത്വികം, രാജസം, താമസം എന്നീ ത്രിഗുണങ്ങൾക്ക് യഥാക്രമം പച്ച, കത്തി, കരി എന്നി വേഷങ്ങൾ താപസവേഷക്കാർക്ക് മിനുക്ക് ഹനുമാന് വട്ടതാടി എന്നിങ്ങനെയും ബ്രാമ്മണൻ, അലക്കുകാരൻ, പാചകർ, തേരാളി, ദൂതൻ തുടങ്ങിയവർക്കൊക്കെ അസാധാരണത്തമുള്ള വേഷങ്ങളാണുള്ളത്.

**അഭിനയം:** നൃത്തം, നൃത്യം, നാട്യം എന്നിവ ഉചിതമായി സമ്മേളിക്കുന്ന അഭിനയ രീതിയാണ് കഥകളി.

കഥകളി അവതരിപ്പിക്കുന്ന സംഘങ്ങളെ 'കളിയോഗങ്ങൾ' എന്നാണ് അറിയപ്പെടുന്നത്. കഥകളി ഉൾപ്പെടെയുള്ള കേരളീയ ക്ലാസിക്കൽ കലകളുടെ ഉന്നമനത്തിനായി 1930-ൽ വള്ളത്തോൾ മുൻകയ്യെടുത്ത് തൃശ്ശൂർ ചെറുതുരുത്തിയിൽ സ്ഥാപിച്ച മഹാവിദ്യാലയമാണ് കേരള കലാമണ്ഡലം. കഥകളി അഭ്യസനത്തിന്റെ ആധികാരിക സ്ഥാപനം ഇന്ന് ഇതുതന്നെയാണ്. കഥകളി രംഗത്തെ നിരവധി പ്രമുഖർ ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്. ഒരു കാലത്ത് രാജകൊട്ടാരങ്ങളിലും പ്രഭു ഭവനങ്ങളിലും അരങ്ങേറിയിരുന്ന ഈ കല ഇന്ന് സാംസ്കാരിക സദസുകളിലേക്കിറങ്ങി വന്ന് ജനസമ്മതി നേടികഴിഞ്ഞിരിക്കുന്നു.



**ശശി എം.ടി.**
ഭാഷാധ്യാപകൻ,
മലയാളം മിഷൻ

# ദൂരെ...... ദൂരെ...... മലയാളം

## പ്രവാസ ശബ്ദം







# ഗൃഹാതുരത ഉണർത്തി ബെനിൻ





ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ നിന്നും കേട്ടറിവുമാത്രമുള്ള ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്കു കടക്കുമ്പോൾ മനസ്സു നിറയെ ആശങ്കകളായിരുന്നു. കുട്ടിക്കാലത്ത് മുത്തശ്ശി പറഞ്ഞിരുന്ന കഥകളിലൂടെയാണ് ആഫ്രിക്കയെപ്പറ്റി ഞാനാദ്യമായ് കേൾക്കുന്നത്. 'നരഭോജികളുടെ നാടാണ് ആഫ്രിക്ക' എന്ന് മുത്തശ്ശി പറഞ്ഞിരിക്കുന്നത് ഞാനീ യാത്രയിൽ ഓർത്തുപോയി. എന്നാൽ ഫ്ളൈറ്റിൽ ഒത്തിരി ആഫ്രിക്കകൊരുണ്ടായിരുന്നു. അവരുടെ സ്നേഹത്തോടൊയുള്ള പെരുമാറ്റവും നമ്മളോടുള്ള ബഹുമാനവും ഒക്കെ അടുത്തറിഞ്ഞ് 'കൊത്തൊനു ഇന്റർനാഷണൽ എയർപോർട്ടിൽ ഫ്ളൈറ്റ് ഇറങ്ങുമ്പോഴേക്കും മനസ്സിലുള്ള ഭയമെല്ലാം എവിടെയോ പോയ്മറഞ്ഞിരുന്നു. മറ്റു രാജ്യങ്ങളിലേതുവച്ചു നോക്കുമ്പോൾ വളരെ ചെറിയ ഒരു വിമാനത്താവളമാണ് 'കൊത്തൊനു ഇന്റർനാഷണൽ എയർപോർട്ട്'. എന്നാൽ യാത്രക്കാരെ ബുദ്ധിമുട്ടിക്കാത്ത തരത്തിൽ എല്ലാ അത്യാധുനിക സംവിധാനങ്ങളും അവർ ഇവിടെ ഒരുക്കിയിട്ടുണ്ട്.

ഇവിടെ നിന്നും പുറത്തേക്കിറങ്ങി യാത്ര തുടങ്ങുമ്പോൾ തോന്നി ബെനിൻ റിപ്പബ്ലിക് ഒരു സമ്പന്ന രാജ്യമാണെന്ന്. പ്രകൃതി വിഭവങ്ങളിൽ, പ്രകൃതി ഒരുക്കിയ അത്ഭുത കാഴ്ചകളിൽ നിഷ്കളങ്കരായ ജനങ്ങളാൽ സമ്പന്നമായ രാജ്യം. പശ്ചിമാഫ്രിക്കയിലെ ഒരു രാജ്യമാണ് ബെനിൻ റിപ്പബ്ലിക്, പടിഞ്ഞാറ് ടോഗോ, കിഴക്ക് നൈജീരിയ, വടക്ക് ബുർക്കിനാഫാസോയും നൈജർ റിപ്പബ്ലിക്കും തെക്ക് സുന്ദരിയായ അറ്റ്ലാന്റിക് സമുദ്രവും. പോർട്ട് നോവെയാണ് തലസ്ഥാനമെങ്കിലും ബെനിനിലെ ഏറ്റവും വലിയ പട്ടണവും സാമ്പത്തിക തലസ്ഥാനവും കൊത്തൊനു ആണ്. ഫ്രഞ്ച് ആണ് ദേശീയ ഭാഷയെങ്കിലും ഇതിനു പുറമേ ഫോ, യോരുബ എന്നീ ഭാഷകളും ജനങ്ങൾ സംസാരിക്കുന്നുണ്ട്. ഞങ്ങളുടെ ഡ്രൈവർ എന്തെല്ലാമോ പറയുന്നുണ്ട്. പക്ഷേ എനിക്കൊന്നും മനസ്സിലായില്ല.

അകലെയായ് അറ്റ്ലാന്റിക് സമുദ്രം ശാന്തമായി ഒഴുകുന്നു. ഒരു നിമിഷം കേരളത്തിലാണോ ഞാനെന്ന് ചിന്തിച്ചു പോയി. നമ്മുടെ കല്പവൃക്ഷമായ തെങ്ങും വാഴയും മാവും കശുമാവുമെല്ലാം റോഡിനിരുവശവും തല ഉയർത്തി നിൽക്കുന്നു.

മനസ്സിന് എന്തെന്നില്ലാത്ത സന്തോഷം തോന്നി. ഇതെല്ലാം പിന്നിട്ട് ഞങ്ങളുടെ വാഹനം മുന്നിലേക്ക് പായുമ്പോൾ അതാ! കണിക്കൊന്ന.... പൂത്തുലഞ്ഞു നിൽക്കുന്നു.ഗൃഹാതുരത്വം ഉണർത്തുന്ന നിമിഷം. ആയിരം പൂത്തിരികൾ ഒന്നിച്ചു കത്തിച്ച സന്തോഷം.....

റോഡിനിരുവശവും വഴിയോരക്കച്ചവടക്കാരെ കാണാം മുന്നിലേക്കു നോക്കുമ്പോൾ വലിയൊരു മാർക്കറ്റ് കണ്ടു. ഞങ്ങളുടെ ഡ്രൈവറിന്റെ സംഭാഷണ ത്തിൽ നിന്നും 'ഗാർഹി മാർക്കറ്റ്' എന്നാണ് മാർക്കറ്റിന്റെ പേര് എന്ന് മനസ്സിലായി. കേരളത്തിൽ നമുക്ക് ലഭിക്കുന്ന എല്ലാതരം പഴങ്ങളും പച്ചക്കറികളും അവരുടെ കയ്യിലുണ്ട്. സി.എഫ്.എ അഥവാ ഫ്രാങ്ക് ആണ് ഇവിടെ വിനിമയം നടത്തുന്ന കറൻസി. ഒരു പപ്പായ വാങ്ങി കഴിച്ചു നോക്കി എന്റെ കുട്ടിക്കാലത്തെന്നോ ഞാൻ കഴിച്ചിട്ടുള്ള അതേ രുചിയും മണവും നിറവും. ഒരു തരത്തിലുള്ള രാസവളങ്ങളും ഉപയോഗിക്കാതെയാണ് ഇവിടുള്ളവർ കൃഷിചെയ്യുന്നത്. കേരളത്തിലെ അതേ കാലവസ്ഥ ആയതിനാൽ അവിടെ കൃഷിചെയ്യുന്ന എല്ലാ കാർഷിക വിളകളും ഇവിടെയും കൃഷിചെയ്യുന്നുണ്ട്. പരുത്തി, കശുവണ്ടി, കപ്പലണ്ടി മുതലായവയണ് ഇവിടുത്തുകാരുടെ പ്രധാന കയറ്റുമതി ഉത്പന്നങ്ങൾ. കൃഷി, കച്ചവടം, മത്സ്യബന്ധനം എന്നിവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. ഒരു തരത്തിൽ പറഞ്ഞാൽ 30 വർഷങ്ങൾക്കുമുമ്പ് ഇന്ത്യ എങ്ങനെ ആയിരുന്നോ അതാണ് ഇന്നത്തെ ബെനിൻ റിപ്പബ്ലിക്.

1975 വരെ ദഹോമി എന്നായിരുന്നു. ബെനിൻ റിപ്പബ്ലിക് അറിയപ്പെട്ടിരുന്നത്. ഒരു കാലത്ത് ഏറ്റവും ശക്തവും സമ്പന്നവുമായിരുന്ന ദഹോമി സാമ്രാജ്യം. എന്നാൻ പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച് ശക്തികളുടെ വരവോടെ ആ സാമ്രാജ്യം തകർന്നു. ഇവിടുത്തെ ജനങ്ങളെ അവർ അടിമകളാക്കി. കൊത്തൊനു പോർട്ട് വഴി മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്ക് കടത്തി. ദഹോമി സാമ്രാജ്യത്തിലെ ആരാധനാലയ ങ്ങളുടേയും കൊട്ടാരങ്ങളുടേയും അവശിഷ്ടങ്ങൾ അബോമി മ്യൂസിയത്തിൽ നമുക്ക് ദർശിക്കാം.1872 മുതൽ ഒരു ഫ്രഞ്ച് കോളനി ആയിരുന്നു ബെനിൻ. 1960 ആഗസ്റ്റ് 1-ന് ഒരു സ്വാതന്ത്ര രാജ്യമായി മാറി. ഒരുപാട് ഗോത്രവർഗ്ഗക്കാർ ഇപ്പോഴും ഈ രാജ്യത്തുണ്ട്. അവർക്ക് അവരുടെ ഗോത്രത്തിന്റേതായ നിയമങ്ങളും ജീവിതരീതികളുമാണ്. വികസനം എത്തിനോക്കാത്ത പ്രദേശങ്ങളിലാവും ഇവർ താമസിക്കാറ്. അവരുടെ ഭവന നിർമ്മാണ രീതി 'റ്റാറ്റാസുംബോ' എന്നാണ് അറിയപ്പെടുന്നത്. ബെനിൻ ദേശീയ ഉത്സവമാണ് 'വുഡോഫെസ്റ്റിവൽ'. വുഡോ വർഗ്ഗത്തിൽപ്പെട്ടവരാണ് ഇതാഘോഷിക്കുന്നതെങ്കിലും ലോകത്തിന്റെ നാനാഭാഗത്ത് നിന്നും ലക്ഷകണക്കിന് ജനങ്ങളാണ് ഈ ഉത്സവത്തിൽ പങ്കെടുക്കാനായി എത്തുന്നത്. പരേതാത്മക്കൾക്കുവേണ്ടി അവരെ പ്രീതിപ്പെടുത്താനായി പലതരത്തിലുള്ള നൃത്തങ്ങളും പാട്ടുകളെല്ലാം അവർ അവതരിപ്പിക്കുന്നു. മായാകാഴ്ചകളുടെ അത്ഭുത ലോകവു മാണ് 'വുഡോ ഫെസ്റ്റിവൽ.'

ഈ നാട്ടിലേക്ക് ഭർത്താവിനും കുട്ടികൾക്കുമൊപ്പം എത്തുമ്പോൾ മനസ്സിൽ നിറയെ ആശങ്കകളായിരുന്നു. എന്നാൽ എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ ദിവസങ്ങളിലൂടെയാണ് ഞാൻ കടന്നുപോകുന്നതെന്ന് ഈ നിമിഷം അറിയുന്നു.

**അനുപമ ഹരീഷ്**
ബെനിൻ മലയാളം മിഷൻ അധ്യാപിക

# വേറിട്ട കാഴ്ചകളൊരുക്കി ദുബായിയിൽ മിഷൻ സർഗ്ഗസംഗമം




*സർഗസംഗമത്തിന്റെ ഉദ്ഘാടനവേദി*

*ദുബായ്:* മുളയിലെ പുട്ടുകുഴൽ കണ്ട് ഒരാൾക്ക് കൗതുകം. ഇതിലെങ്ങനെ പുട്ടുണ്ടാക്കും?

ഭസ്മക്കൊട്ട കൈയ്യിലെടുത്തു. എന്തിനുള്ളതാണെന്ന് സംശയം. വെറ്റില ചെല്ലം തൊട്ടുനോക്കി. ഒരു പിടിയുമില്ല. എന്താണിത്?

കുരുന്നുകളിൽ കൗതുകമുണർത്തി കേരളീയ ജീവിത പഴമ നിറഞ്ഞ പ്രദർശനം. ദുബായ് മലയാളം മിഷനാണ് ഈ അപൂർവ്വ പ്രദർശനം ഒരുക്കിയത്. മിഷൻ സംഘടിപ്പിച്ച സർഗ്ഗസംഗമത്തിലാണ് പ്രദർശനം നടന്നത്. ഒരു കാലത്ത് കേരളീയ ഗ്രാമജീവിതത്തിന്റെ ഭാഗമായിരുന്ന മൺകൂജ, ചിരട്ടത്തവി വിവിധതരം മൺപാത്രങ്ങൾ തുടങ്ങിവ പരിചയപ്പെടുത്തിയ പ്രദർശനം കുരുന്നുകൾക്ക് പുതുമയായി.

ജൂൺ 28-ന് ദുബായ് ഗൾഫ് മോഡൽ സ്കൂളിൽ സംഘടിപ്പിച്ച സർഗ്ഗ സംഗമത്തിൽ വേദിക്ക് ഇരുപുറവും സജീകരിച്ച മരങ്ങളിൽ മലയാളം അക്ഷരങ്ങൾ തൂക്കിയിട്ട് കുട്ടികൾ 'അക്ഷരമരം' നട്ടത് വേറിട്ടൊരു കാഴ്ചയായി. മണ്ണിനും മനുഷ്യ നും മലയാളത്തിനും വേണ്ടി എന്നും നില കൊള്ളുമെന്നും അവർ മരത്തിനുമുമ്പിൽ പ്രതിജ്ഞ എടുത്തു. കുട്ടികളുടെ നിറഞ്ഞ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയ സംഗമത്തിൽ നിരവധി



*ദുബൈ സർഗസംഗമത്തിൽ അക്ഷരമരമൊരുക്കുന്ന കുട്ടികൾ*

കലാ പരിപാടികൾ അരങ്ങേറി. 'ഭൂമിയുടെ അവകാശികൾ', 'അതിരുകളില്ലാത്ത ലോകം' എന്നീ കൃതികളുടെ നാടകാവിഷ്കാരവുമായി കുട്ടികൾ



*സർഗസംഗമത്തിലെ പ്രദർശനത്തിൽനിന്ന്*

രംഗത്തെത്തിയത് പുതിയൊരനുഭവമായി. ചടങ്ങിൽ മിഷനിലെ 12 അധ്യാപകരെ ആദരിച്ചു.

എഴുത്തുകാരനും ഹിറ്റ് 96.7 എഫ് എം റേഡിയോ സ്റ്റേഷൻ വാർത്താ വിഭാഗം മേധാവിയുമായ ഷാബു കിളിത്തട്ടിൽ സർഗസംഗമം ഉദ്ഘാടനം ചെയ്തു. ദുബായ് മലയാളം മിഷൻ രക്ഷാധികാരി നജീദ് മിഷൻ യു.എ.ഇ കൺവീനർ കെ.എൽ ഗോപി, മിഷൻ ദുബായ് കൺവീനർ ശ്രീകല, മിഷൻ അധ്യാപകൻ മുരളീ മംഗലത്ത്, മലയാളം മിഷൻ വിദ്യാർഥിയായ അമേരിക്കൻ യുവതി എലിസ, അജി അഗസ്റ്റിൻ, വിനോദ് നമ്പ്യാർ (യു.എ.ഇ എക്സ്ചേഞ്ച്) കരിംവെങ്കിടങ്ങ് (മലബാർ ഗോൾഡ്) എന്നിവർ ചടങ്ങിൽ സംസാരിച്ചു. അക്മ, ഓർമ, അഗ്നി, ഇൻകാസ്, കായംകുളം എൻ. ആർ.ഐ അസോസിയേഷൻ തുടങ്ങിയ സംഘടനകളുടെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. കലാപരിപാടികളിൽ പങ്കെടുത്ത വിദ്യാർഥികൾക്കും അധ്യാപകർക്കും മലയാളം മിഷൻ ട്രോഫികൾ വിതരണം ചെയ്തു.

## ഉമർഗാവ് പ്രവേശനോത്സവം

*ഗുജറാത്ത്:* മലയാളം മിഷൻ ഉമർഗാവ് പഠന കേന്ദ്രത്തിലേക്കുള്ള പ്രവേശനോത്സവം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. ഉമർഗാവ് കേരള അസോസിയേഷന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. പ്രവേശനോത്സവത്തോടനു ബന്ധിച്ച് പരിസ്ഥിതി ദിനാചരണം, വായനാദിനാചരണം എന്നിവയും നടത്തി. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ, മിഷൻ ഭാരവാഹികൾ, അസോസിയേഷൻ പ്രതിനിധികൾ തുടങ്ങിയവർ വൃക്ഷതൈകൾ നട്ടു. വൃക്ഷതൈ കൾ നട്ടതിനുള്ള അംഗീകാരമായി എൺവിറോ ക്രീയേറ്റർ ഫൗണ്ടെഷന്റെ സർട്ടി ഫിക്കറ്റ് പ്രതിനിധികൾക്ക് കൈമാറി. വായനാ ദിനാചരണത്തിൽ വായനാ മത്സരം നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു.



*ഉമർഗാവ് പ്രവേശനോത്സവത്തിൽനിന്ന്*

ജൂൺ 16-ന് ഉമർഗാവ് അയ്യപ്പഹാളിൽ സംഘടിപ്പിച്ച ആഘോഷപരിപാടിയിൽ മിഷൻ ഗുജറാത്ത് ചാപ്റ്റർ വൈസ് പ്രസിഡന്റ് സ്മിത എസ് നായർ, കോ-ഓർഡിനേറ്റർ അനി. നായർ, അയ്യപ്പസേവ സംഘം പ്രസിഡന്റ് സുരേഷ് നായർ, ടിങ്കിൾ നെഴ്സറി പ്രിൻസിപ്പാൾ നവാസ്, ജേക്കബ് പല്ലിശ്ശേരി, സിമി ഷബീർ, സതീഷ് പണിക്കർ, പിയൂസ് ആലപ്പാട് തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി. കുറച്ച് മലയാളികൾ മാത്രമാണ് തിരുനെൽവേലിയിൽ ഉള്ളത്. മിഷന്റെ എല്ലാ പ്രവർത്തനങ്ങളിലും അവരുടെ സജീവ പങ്കാളിത്തം ഉണ്ടാകാറുണ്ട്. ജൂൺ 23-ന് സംഘടിപ്പിച്ച പ്രവേശനോത്സവത്തിൽ സമാജം പ്രസിഡന്റ് ജോജി കണിച്ചായി, സെക്രട്ടറി നൗഫൽ, അധ്യാപകൻ എ. ജയരാജൻ തുടങ്ങിയവർ സംസാരിച്ചു.

## പാഠപുസ്തക പരിഷ്ക്കരണ രണ്ടാംഘട്ട ശിൽപ്പശാല

*തിരുവനന്തപുരം:* മലയാളം മിഷൻ കണിക്കൊന്ന പാഠപുസ്തക പരിഷ്ക്കരണത്തിന്റെ രണ്ടാം ഘട്ട ശിൽപ്പശാല കർഷക ഭവൻ സമേതിയിൽ സംഘടിപ്പിച്ചു. ജൂലൈ 5, 6, 7 തീയതികളിൽ നടന്ന ശിൽപ്പശാലയിൽ പാഠപുസ്തക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നടന്ന ആശയരൂപീകരണ ചർച്ചയിൽ പങ്കെടുത്ത ഭാഷ വിദഗ്ധരും ഡൽഹി, മുംബൈ, ഗോവ, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിൽ നിന്നുള്ള മിഷൻ ഭാരവാഹികളും അധ്യാപകരും ശിൽപ്പശാലയിൽ പങ്കെടുത്തു.

മലയാളം മിഷൻ ഡയറക്ടർ പ്രൊഫ. സുസ സൂസൻ ജോർജ്, രജിസ്ട്രാർ. എം. സേതുമാധവൻ, മിഷൻ ഭാഷാധ്യാപകൻ. എം.ടി. ശശി എന്നിവർ ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകി. തുടർ ശിൽപ്പശാല ആഗസ്റ്റ് 12, 13 തീയതികളിൽ കോഴിക്കോട് സംഘടിപ്പിക്കും.



*സമേതിയിൽ സംഘടിപ്പിച്ച പുസ്തക പരിഷ്കരണ ശിൽപ്പശാലയിൽനിന്ന്*




*നാസിക് മലയാളം മിഷൻ വാർഷികാഘോഷത്തിൽനിന്ന്*

# നാസിക് വർഷികാഘോഷത്തിൽ മലയാളി മഹാസംഗമം

*മുംബൈ:* മലയാളം മിഷൻ നാസിക് മേഖലയുടെ ഒന്നാം വാർഷികവും നാസിക് മലയാളി മഹാസംഗമവും മലയാളം മിഷൻ ഡയറക്ടർ പ്രൊഫ. സുജ സൂസൻ ജോർജ് ഉദ്ഘാടനം ചെയ്തു. ജൂലൈ 13-ന് നാസിക് സേക്രട്ട് ഹാർട്ട് കോൺവെന്റ് ഹൈസ്കൂളിലാണ് ചടങ്ങ് സംഘടിപ്പിച്ചത്. നാസിക്കിലെ മലയാളികൾ മിഷന്റെ പ്രവർത്തനങ്ങൾക്ക് നൽകുന്ന പിന്തുണ വളരെ വലുതാണെന്ന് ഡയറക്ടർ ഓർമ്മിച്ചു. ആഘോഷങ്ങളുടെ ഭാഗമായി സാംസ്കാരിക സമ്മേളനവും നടന്നു.

മുംബൈ ചാപ്റ്റർ വൈസ് പ്രസിഡന്റ് ഉണ്ണി വി. ജോർജ്, നാസിക് മേഖല സെക്രട്ടറി പി. കെ. സെബാസ്റ്റ്യൻ, നാസിക് മേഖല കോ-ഓർഡിനേറ്റർ ബാബുകുട്ടി ജോൺ, മോഹൻ കുമാർ, അഡ്വ. പ്രേമ മേനോൻ, പ്രമീള സുരേന്ദ്രൻ, ജോർജ് തോമസ്, ഗോകുലം ഗോപാലകൃഷ്ണ പിള്ള, രാജേന്ദ്രൻ പിള്ള, സുരേഷ് കുമാർ മാരാർ, എസ്. കുമാർ, ഫാ. തോമസ് കളപ്പുരയ്ക്കൽ, ഫ്രാൻസിസ് ചാക്കോ, ജയ കുറുപ്പ്, ബിജു ഇ.ഡി, കെ.പി.എസ് നായർ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. പോയ വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ കലാപരിപാടികൾ ആഘോഷത്തിന്റെ ഭാഗമായി അരങ്ങേറി.

## മലയാളം മിഷനിലെ കുട്ടികൾ പഠിപ്പിക്കുന്നു
# വിത്തറിഞ്ഞ് വിതയ്ക്കാം



*കവുങ്ങിൻ തൈ നടുന്ന മിഷൻ വിദ്യാർഥികൾ*

*മുംബൈ:* കവറിനുള്ളിലാക്കി വരുന്ന വൃക്ഷതൈകൾ വേണ്ടെന്ന് അവർ തീരുമാനിച്ചു. ഇരുത്തം വന്ന കർഷകരെപോലെ വിത്തുകൾ തിരഞ്ഞെടുത്ത് പാകി മുളപ്പിച്ചെടുത്തു.

പിന്നെ ഉല്ലാസത്തോടെ പൂന്തോട്ടത്തിലേക്ക് കൃത്യതയോടെ കവുങ്ങിൻ തൈകൾ മണ്ണിൽ ഉറപ്പിച്ചു. മഴയും അവർക്കൊപ്പം കൂടി. ഡോംബി വില്ലയിലെ തനിമ സാംസ്കാരിക വേദി ട്രസ്റ്റിലെ മലയാളം മിഷൻ കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ ക്ലാസ്സുകളിലെ വിദ്യാർത്ഥികളാണ് ആമിടുക്കർ. പഠന പ്രവർത്തനത്തിന്റെ ഭാഗമായാണ് കുട്ടികൾ നല്ല കർഷകരായത്. ബുദ്ധ വിഹാറിനോട് ചേർന്നുള്ള പൂന്തോട്ടത്തിൽ ജൂലൈ 9-നാണ് അവർ കവുങ്ങിൻ തൈകൾ നട്ടത്. ഡിസംബറിൽ ഇവിടെ പൂജയ്ക്കായി കൊണ്ടുവന്ന അടയ്ക്കകളിൽ നിന്നാണ് കുട്ടികൾ വിത്തുകൾ തിരഞ്ഞെടുത്തത്. ഫ്ളാറ്റിന്റെ പരിസരത്ത് അവർ മുളപ്പിക്കാനായി അവർ സ്ഥലം കണ്ടെത്തി. മലയാളം മിഷൻ സൂര്യകാന്തിയിലെ അധ്യാപിക ദീപയുടെ നേതൃത്വത്തിലാണ് കുട്ടികൾ പാകിയത്. സൂര്യകാന്തിയിലെ കുട്ടികൾക്ക് പുറമേ ആമ്പലിലെ അഭിനവും ആര്യനന്ദയും ഈ കൃഷിപാഠത്തിൽ സജീവമായി. ട്രസ്റ്റിലെ വൈസ് പ്രസിഡന്റ് കൂടിയാണ് ദീപ.

ട്രസ്റ്റിലെ മറ്റ് പ്രവർത്ത കരായ റഷീദ്, രാജൻ തങ്കച്ചൻ അധ്യാപകരായ ബിന്ദു മനോജ്, ചന്ദ്രിക മുരളി, ദീപ അനിൽ ഷീജ ബാബുരാജ് എന്നിവരും തൈ നടീലിൽ പങ്കാളികളായി.




**ഭൂ**മിമലയാളം വാർത്താപത്രികയുടെ ജൂൺ ലക്കം വായിച്ചു. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും പുതുമ പുലർത്തിയ ഈ ലക്കം മലയാളം മിഷന്റെ ആകമാന പ്രവർത്തനങ്ങളുടെ നേർചിത്രം കാഴ്ചവയ്ക്കുന്നു.

മലയാളം മിഷന്റെ കീഴിലുള്ള വിവിധ ചാപ്റ്ററുകളുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളിൽ മലയാളം മിഷന്റെ സജീവ പ്രവർത്തക എന്ന നിലയിൽ വളരെയധികം സന്തോഷം തോന്നുന്നു.

വരും നാളുകളിലും മാതൃഭാഷ മലയാളത്തിന്റെ പ്രചാരണത്തിന് കരുത്തേകുവാൻ ഭൂമിമലയാളം വാർത്താപത്രികയ്ക്ക് കഴിയും, കഴിയട്ടെ എന്നും ആശംസിക്കുന്നതോടൊപ്പം ഇതിന്റെ അണിയറ പ്രവർത്തകർക്ക് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

**കെ.എസ്. അനില**
ജോ. സെക്രട്ടറി, മലയാളം മിഷൻ ഡൽഹി ചാപ്റ്റർ

## അറിയിപ്പ്

ഭൂമിമലയാളം വാർത്താ പത്രികയിലേക്ക് മലയാളം മിഷൻ മേഖലകളിൽനിന്നുള്ള വാർത്തകളും വിവരങ്ങളും, അധ്യാപകരുടെയും ഭാരവാഹികളുടെയും അനുഭവക്കുറിപ്പുകളും വിദ്യാർഥികൾ തയാറാക്കുന്ന ചെറുവാർത്താക്കുറിപ്പുകളും മലയാളം മിഷനുമായി ബന്ധപ്പെട്ടുള്ള സംശയങ്ങളും പ്രതികരണ കത്തുകളും

**bhoomimalayalamnewsletter@gmail.com**

എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയച്ചു തരിക.

# ഡൽഹി മലയാളം മിഷന് പത്ത് വയസ്സ്

*ഡൽഹി:* മലയാളം മിഷൻ ഡൽഹി പ്രവർത്തനം ആരംഭിച്ചിട്ട് പത്ത് വർഷം തികയുന്നു. 2009-ൽ അന്നത്തെ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനാണ് ഡൽഹിയിലെ മിഷന്റെ ആദ്യ പഠനകേന്ദ്രം ഉദ്ഘാടനം ചെയ്തത്. പത്ത് വർഷം കൊണ്ട് മിഷന്റെ മലയാള ഭാഷാ വ്യാപന ദൗത്യം ഭംഗിയായി മുന്നേറുകയാണ്. ഇപ്പോൾ 333 പഠനകേന്ദ്രങ്ങളാണ് മിഷന് ഡൽഹിയിലുള്ളത്. ഡൽഹി കേരള ഹൗസിൽ നടന്ന പത്താം വാർഷികാഘോഷം എഴുത്തുകാരനും മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനുമായ ഡോ. ജോർജ് വാഴയിൽ ഉദ്ഘാടനം ചെയ്തു. ആഘോഷങ്ങളോടനുബന്ധിച്ച് പുതിയ അധ്യയന വർഷത്തിലേക്കുള്ള പ്രവേശനോത്സവവും സംഘടിപ്പിച്ചു. ചടങ്ങിൽ ഡൽഹി മലയാളം മിഷൻ പ്രസിഡന്റ് പ്രൊഫ. ഓംചേരി എൻ. എൻ. പിള്ള, സെക്രട്ടറി എം. സി. അരവിന്ദൻ, ജോയിന്റ് സെക്രട്ടറി എൻ. വി. ശ്രീനിവാസ്, വിനോദ് കമ്മലത്ത്(ജനസംസ്കൃതി), കെ.എസ്.അനില(ഡി.എം.എ) എന്നിവർ ചടങ്ങിൽ സംസാരിച്ചു. ആഘോഷങ്ങളിൽ അധ്യാപകരും വിദ്യാർഥികളും കലാപരിപാടികൾ അവതരിപ്പിച്ചു.





*ഡൽഹി മലയാളം മിഷന്റെ പത്താം വാർഷികാഘോഷങ്ങളിൽനിന്ന്*

# ഡൽഹി പഠനകേന്ദ്രങ്ങളിൽ പ്രവേശനോത്സവം

***ഡൽഹി:*** മലയാളം മിഷൻ ഡൽഹി മേഖലയിലെ പഠനകേന്ദ്രങ്ങളിൽ പ്രവേശനോത്സവം സംഘടിപ്പിച്ചു. അക്ഷരാലയം പഠനകേന്ദ്രം വികാസ്പുരി മോഡിസ്റ്റോറി സ്കൂളിൽ സംഘടിപ്പിച്ച പ്രവേശനോത്സവത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു.

കൈരളി വെൽഫെയർ ആന്റ് കൾച്ചറൽ സൊസൈറ്റിയുടെ കീഴിലുള്ള വൈക്കം മുഹമ്മദ് ബഷീർ പഠനകേന്ദ്രം, അക്ഷര ജ്യോതി പഠനകേന്ദ്രം എിവ സംയ്ക്തമായി സംഘടിപ്പിച്ച ചടങ്ങ് ഡോ. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. സൊസൈറ്റി പ്രസിഡന്റ് പി.എൻ. രാജൻ, വടക്കൻ മേഖല കോ-ഓർഡിനേറ്റർ ഷാലി ഗംഗാധരൻ, ആധ്യാപികമാരായ പ്രിയ സന്ദേശ്, രേഖ രമണൻ, ഷീബ ജയചന്ദ്രൻ, വി. റീന രക്ഷാധികാരി സന്ദേശ്, ദീപ പവിത്രൻ തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.

ഡൽഹി മലയാളം മിഷന്റെ കലാകേരളം മലയാളഭാഷ പഠനകേന്ദ്രത്തിൽ പ്രവേശനോത്സവം സംഘടിപ്പിച്ചു. ജൂലൈ 21-ന് സെന്റ് ജോസ് സ്കൂളിൽ നടന്ന പരിപാടിയിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കലാപരിപാടികൾ അരങ്ങേറി.

***മയൂർവിഹാർ:*** ജനസംസ്കൃതി മയൂർ വിഹാർ ഫേസ്-3 ശാഖയുടെ മലയാളം മിഷൻ പഠനക്ലാസ്സുകളിലേക്കുള്ള പ്രവേശനോത്സവം നടു. ജനസംസ്കൃതി മുൻ ജനറൽ സെക്രട്ടറി എം. വി. സന്തോഷ് ഉദ്ഘാടനം ചെയ്തു. ശാഖ ചെയർമാൻ സി.ജെ മാത്യു, സെക്രട്ടറി സി.വി. ഗോപിനാഥ്, ജനസംസ്കൃതി ജനറൽ സെക്രട്ടറി വിനോദ് കമ്മാളത്ത്, പി രാജൻ, മലയാളം മിഷൻ ഡൽഹി കിഴക്കൻ മേഖല കോ-ഓർഡിനേറ്റർ പുഷ്പൻ മുചുകുന്ന് എന്നിവർ സംസാരിച്ചു.

***ആർ.കെ.പുരം:*** ജനസംസ്കൃതി ആർ.കെ. പുരം ശാഖയുടെ മലയാളം മിഷൻ ക്ലാസ്സുകളിലേക്കുള്ള പ്രവേശനോത്സവം എം. ആർ. വിഷ്ണു പ്രസാദ് ഉദ്ഘാടനം ചെയ്തു. ജനസംസ്കൃതി ആർ.കെ.പുരം ശാഖ ചെയർമാൻ ജയചന്ദ്രൻ, സെക്രട്ടറി സി. ദാമോദരൻ, ദേശീയ ജോയിന്റ് സെക്രട്ടറി രാജേഷ് കരോട്ടിൽ, മധുസൂദനൻ, ആർ.പി.എസ് ആഹർഷ് എന്നിവർ സംസാരിച്ചു.

***ബദർപൂർ:*** ജനസംസ്കൃതി ബദർപൂർ ശാഖയുടെ മലയാളം മിഷൻ കോഴ്സുകളിലേക്കുള്ള പ്രവേശനോത്സവം നടത്തി. മിഷൻ സെക്രട്ടറി എം.സി. അരവിന്ദൻ ഉദ്ഘാടനം ചെയ്തു. ചെയർമാൻ പി.എസ്.ബൈജു, സെക്രട്ടറി വിമല സൂര്യൻ, അധ്യാപിക ജലജ സാബു തുടങ്ങിയവർ സംസാരിച്ചു.

***നോയിഡ:*** ജനസംസ്കൃതി നോയിഡയുടെ കീഴിലെ മലയാളം മിഷൻ പഠനകേന്ദ്രത്തിൽ പ്രവേശനോത്സവം സംഘടിപ്പിച്ചു. മിഷൻ ജോയിന്റ് സെക്രട്ടറി പ്രസ, കോ-ഓർഡിനേറ്റർ സുധാകരൻ, ജനസംസ്കൃതി നോയിഡ ശാഖ സെക്രട്ടറി അർച്ചന നായർ, ചെയർമാൻ പി.എം. നാരായണൻ, പദ്മിനി, പ്രഭ രാജൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

***സാകേത്:*** ജനസംസ്കൃതി സാകേത് മലയാളം മിഷൻ കോഴ്സുകളിലേക്കുള്ള പ്രവേശനോത്സവം സംഘടിപ്പിച്ചു. ഇഷാനി സർവോദയ കന്യാ വിദ്യാലയത്തിലെ മുതിർ അധ്യാപിക കാഫില കുട്ടി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ജി. രാധാകൃഷ്ണൻ, സിനു ദിവാകരൻ, പ്രസാദ്. എ.കെ, ഷൈലോ സിനു തുടങ്ങിയവർ സംസാരിച്ചു.



*മലയാളം മിഷൻ ഡൽഹി കൈരളി വെൽഫെയർ & കൾച്ചറൽ സൊസൈറ്റിയുടെ പ്രവേശനോത്സവത്തിൽനിന്ന്*

## പൂക്കാലം മത്സരം

പ്രിയപ്പെട്ട ആമ്പൽക്കൂട്ടുകാരെ...

ജൂലൈ ലക്കം പൂക്കാലത്തിലെ 'മധുരം പഠനം' നിങ്ങൾ വായിച്ചോ...? അതിൽ നിങ്ങൾക്കൊരു സമ്മാനം ഒളിഞ്ഞിരിപ്പുണ്ട്! നമ്മുടെ കുഞ്ഞുണ്ണി മാഷിനെ കുറിച്ചുള്ള മനോഹരമായ ലേഖനം 'പെപ്പരപ്പേ...' വായിക്കൂ. തുടർന്ന് കാണുന്ന പഠനപ്രവർത്ത നങ്ങളിൽ ഭാഗമാകൂ. ഏറ്റവും നല്ല പഠന പ്രവർത്തനത്തിന് സമ്മാനം! അവസാന തീയതി ആഗസ്റ്റ് 30. വേഗം കൂട്ടുകാരേ.... പൂക്കാലത്തിന്റെ ഇ-മെയിൽ വിലാസത്തിലേക്കാണ് പഠനപ്രവർത്തനങ്ങൾ അയക്കേണ്ടത്. ഇ-മെയിൽ pookalam.mm@gmail.com

# പാട്ടുപാടിയും കവിത ചൊല്ലിയും പ്രവേശനോത്സവം

*മുംബൈ:* കൈരളി കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ അസോസിയേഷൻ ഐരോളിയുടെ കീഴിലുള്ള മലയാളം മിഷന്റെ 6 പഠനകേന്ദ്രങ്ങളും സംയുക്തമായി പ്രവേശനോത്സവം സംഘടിപ്പിച്ചു. ജൂൺ 23-ന് സെക്ടർ 10-ലെ സെന്റ് ജോസഫ് പള്ളിയിൽ സംഘടിപ്പിച്ച ചടങ്ങിൽ നിരവധി പേർ പങ്കെടുത്തു. പ്രവേശനോത്സവ ത്തിൽ കുട്ടികൾക്കായി ചിത്രരചനാ മത്സരം നടത്തി സമ്മാനങ്ങൾ നൽകി. ചടങ്ങിൽ മിഷനിലെ അധ്യാപകരെ ആദരിക്കൽ ചടങ്ങും സംഘടിപ്പിച്ചു. പാട്ടുപാടിയും കവിതചൊല്ലിയും കഥ പറഞ്ഞും കുട്ടികൾ ഉത്സവാന്തരീക്ഷം ഒരുക്കി. പഠനകേന്ദ്രങ്ങളുടെ രക്ഷാധികാരികൾ, മലയാളം സമാജം പ്രവർത്തകർ, മലയാളം മിഷൻ മുൻ അധ്യാപകൻ മാവേലിക്കര രാധാകൃഷ്ണൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



*ഐരോളി കേന്ദ്രത്തിലെ പ്രവേശനോത്സവത്തിൽനിന്ന്*

# ബഷീറിനെ അനുസ്മരിച്ചു

*ബാംഗ്ലൂർ:* മലയാളത്തിന്റെ പ്രിയ കഥാകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ 25-ാം ചരമ വാർഷികത്തോട് അനുബന്ധിച്ച് അദ്ദേഹത്തെ അനുസ്മരിച്ചു. മലയാള മിഷൻ കർണ്ണാടകഘടകം, കെ.എം.സി.സി എന്നിവയുടെ ആഭിമുഖ്യത്തിലാണ് അനുസ്മരണം സംഘടിപ്പിച്ചത്. ജൂലൈ 21-ന് ശിഹാബ് തങ്ങൾ സെന്റർ ഫോർ ഹ്യുമാനിറ്റിയിൽ നടന്ന പരിപാടി മിഷൻ റിസോഴ്സ് ടീം അംഗം അനിൽ മങ്കട ഉദ്ഘാടനം ചെയ്തു.

അനുസ്മരണത്തിന്റെ ഭാഗമായി ബഷീർ കൃതികളുടെ ചർച്ചയും പ്രവാസി എഴുത്തുകാരുടെ സംഗമവും നടന്നു.

മിഷൻ കർണ്ണാടകഘടകം സെക്രട്ടറി ടോമി ജെ ആലുങ്കൽ, ഓർഗനൈസിംഗ് സെക്രട്ടറി ജെയ്സൺ ലൂക്കോസ്, ജോയിന്റ് സെക്രട്ടറി ബുഷ്റ വളപ്പിൽ, എ.ഐ.കെ.എം.സി.സി അഖിലേന്ത്യാ പ്രസിഡന്റ് എം.കെ. നൗഷാദ് തുടങ്ങിയവർ സംസാരിച്ചു.

# തിരുവട്ടിയൂർ പ്രവേശനോത്സവം

*ചെന്നൈ:* തിരുവട്ടിയൂർ സെന്റ് ജൂഡ് ദേവാലയത്തിലെ മലയാളം മിഷൻ പഠനകേന്ദ്രം പ്രവേശനോത്സവം നോർക്ക സ്പെഷ്യൽ ഓഫീസർ അനു വി. ചാക്കോ ഉദ്ഘാടനം ചെയ്തു. ജൂലൈ 21-ന് നടന്ന ചടങ്ങിൽ ഫാ: എബിൻ പയ്യപ്പിള്ളി, മദർ. സി. റെറ്റി മരിയ, പി.ടി.എ പ്രസിഡന്റ് നിക്സൻ ജോർജ്, ജോസ് ജേക്കബ്, സുമേഷ് പോൾ, അധ്യാപികമാരായ പ്രിയ സെബാസ്റ്റ്യൻ, സീന നിക്സൻ, ഷാജി ജോസ്, ആന്റണി വർഗ്ഗീസ്, ലിജോ ജോൺ, വിദ്യാർഥികളായ റോഷൻ ഷാജി, മിൻസി എന്നിവർ സംസാരിച്ചു.



*സെന്റ് ജൂഡ് ദേവാലയത്തിൽ നടന്ന പ്രവേശനോത്സവം*

കേരളത്തിലെ പ്രളയക്കെടുതി നേരിടുന്നവരെ സഹായിക്കാനായി മിഷൻ തയ്യാറാക്കിയ 'ചങ്ങാതിക്കുടുക്ക' പദ്ധതിയുടെ ഭാഗമായ വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി. വെള്ളം അമൂല്യമാണ് എന്ന സന്ദേശം ഉൾക്കൊള്ളുന്ന നൃത്തരൂപവും ചടങ്ങിൽ അരങ്ങേറി.

# പ്രവേശനോത്സവ തിമിർപ്പിൽ തിരുനെൽവേലി മലയാളം മിഷൻ

*തമിഴ്നാട്:* തിരുനെൽവേലി മേഖലയിലെ മലയാളം മിഷൻ പ്രവേശനോത്സവം വിദ്യാർഥികൾ പാട്ടുപാടിയും കഥകൾ പറഞ്ഞും ആവേശത്തോടെ വരവേറ്റു. കുറച്ച് മലയാളികൾ മാത്രമാണ് തിരുനെൽവേലിയിൽ ഉള്ളത്. മിഷന്റെ എല്ലാ പ്രവർത്തനങ്ങളിലും അവരുടെ സജീവ പങ്കാളിത്തം ഉണ്ടാകാറുണ്ട്. ജൂൺ 23-ന് സംഘടിപ്പിച്ച പ്രവേശനോത്സവത്തിൽ സമാജം പ്രസിഡന്റ് ജോജി കണിച്ചായി, സെക്രട്ടറി നൗഫൽ, അധ്യാപകൻ എ. ജയരാജൻ തുടങ്ങിയവർ സംസാരിച്ചു.

# താനെയിൽ പ്രവേശനോത്സവം

*മുംബൈ:* താനെ മേഖല മലയാളം മിഷന്റെ വിവിധ സെന്ററുകളിൽ പ്രവേശനോ ത്സവം സംഘടിപ്പിച്ചു. ആഘോഷത്തിന്റെ ഭാഗമായി വിവിധ കലാപരിപാടികളും നടന്നു. സെന്റർ രക്ഷാധികാരികൾ, മലയാളം മിഷൻ പ്രവർത്തകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# സൂറത്തിൽ പുതിയ പഠനകേന്ദ്രം

*ഗുജറാത്ത്:* സൂറത്ത് കേരള സമാജം മഗോബ് മേഖലയിൽ മലയാള മിഷന്റെ ആദ്യ പഠനകേന്ദ്രം ആരംഭിച്ചു. ജൂലൈ 28-ന് മഗോബ് എസ്.എം.സി പ്രാഥമിക വിദ്യാലയത്തിൽ സജി വർഗ്ഗീസ് പഠനകേന്ദ്രം ഉദ്ഘാടനം ചെയ്തു.



*മാഗോബ് മേഖല ആദ്യ പഠനകേന്ദ്രം ഉദ്ഘാടനം*

സജീവൻ കാരായിൽ, മിഷൻ കോ-ഓർഡിനേറ്റർ ജെയിൻ ജോർജ്, ഷാജു തറയിൽ തുടങ്ങിയവർ സംസാരിച്ചു.

# യു.എ.ഇ–യിൽ പ്രവേശനോത്സവം

*റാസ്-അൽ-ഖൈമ:* റാസ്-അൽ-ഖൈമയിലെ ഇന്ത്യൻ സ്കൂൾ വിദ്യാർത്ഥികൾക്കാ യുള്ള മലയാളം മിഷൻ പഠനക്ലസ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു.



*റാസൽഖൈമയിലെ പ്രവേശനോത്സവം*

നഖീൽ ഇന്ത്യൻ സ്കൂളിൽ സംഘടിപ്പിച്ച പ്രവേശനോത്സവത്തിൽ യു.എ.ഇ ചാപ്റ്റർ കോ-ഓർഡിനേറ്റർ കെ.എൽ. ഗോപി, റാക് ഇന്ത്യൻ അസോസിയേഷൻ വൈസ് പ്രസിഡന്റ് അസൈനാർ, കേരള സമാജം സെക്രട്ടറി അജയൻ, ഇന്ത്യൻ സ്കൂൾ വൈസ് പ്രിൻസിപ്പൽ ഹമീദ് അലി യഹിയ, മുരളി മംഗലത്ത്, അക്ബർ ആലിക്കര തുടങ്ങിയവർ സംസാരിച്ചു. കൂടാതെ ചേതന, കെ.എം.സി.സി, യുവ കലാസാഹിതി, ഇൻകാസ്, സേവനം സെന്റർ, ഐ.സി.സി തുടങ്ങിയവയുടെ പ്രതിനിധികളും പങ്കെടുത്തു.

# അറിവോരത്തിൽ വേദി കയ്യിലെടുത്ത് കുട്ടികൾ

*ചെന്നൈ:* വിശിഷ്ടാതിഥികൾ നിറഞ്ഞ വേദി. പരിപാടികൾ നിയന്ത്രിക്കുന്നത് കുട്ടികൾ. മുതിർന്നവർക്ക്പോലും അതിശയം തോന്നുംവിധം ആയിരുന്നു കുട്ടികളുടെ പ്രകടനം. അതിഥികൾക്ക് നല്ല മലയാളത്തിൽ സ്വാഗതവും നന്ദിയും പറഞ്ഞ് കുട്ടികൾ സദസിനെ കയ്യിലെടുത്തു. മലയാളം മിഷൻ തമിഴ്നാട് ചാപ്റ്റർ ആവടി മേഖല എച്ച്.വി.എഫ് മലയാളി സമാജം സംഘടിപ്പിച്ച 'അറിവോരം' ഏകദിന ക്യാമ്പാണ് കുട്ടികളുടെ ഇടപെടൽകൊണ്ട് ശ്രദ്ധേയമായത്. ക്യാമ്പിലെ സമാപന സമ്മേളനം പൂർണ്ണമായും നിയന്ത്രിച്ചത് കുട്ടികളായിരുന്നു. വിദ്യാർഥികളായ കുഞ്ഞാദിത്യൻ, ഗൗരി, മുരളീ കൃഷ്ണ എന്നിവരാണ് സമാപന സമ്മേളനത്തിന് നേതൃത്വം നൽകിയത്.

ക്യാമ്പിൽ സംഘാടകർ ഒരുക്കിയ നാടൻ കളികളും വിനോദങ്ങളും കുട്ടികൾക്ക് പുതിയ ഒരു അനുഭവമായിരുന്നു. ഓലകൊണ്ട് വിവിധ കളിക്കോപ്പുകൾ ഉണ്ടാക്കുന്ന വിദ്യ വത്സൻ പട്ടാഭിരാമിൽ നിന്നും കുട്ടികൾ സ്വായത്തമാക്കി. മാജിക്കിന്റെ ബാലപാഠങ്ങൾ പകർന്നു നൽകി ഷൊർണ്ണൂർ രവിയുടെ ഇന്ദ്രജാല പ്രകടനവും ക്യാമ്പിന്റെ ഭാഗമായി നടന്നു. ജൂലൈ 21 ന് നടന്ന ക്യമ്പിലെ 'ആട്ടവും പാട്ടും കളിയും കാര്യവും' എന്ന സെക്ഷന് ഗോപാലൻ മങ്കട നേതൃത്വം നൽകി.

കുട്ടികൾ തയ്യാറാക്കിയ പത്രം, അറിവോരം ഡോക്യുമെന്റേഷൻ എന്നിവ ക്യാമ്പിൽ പ്രകാശനം ചെയ്തു. വിജയന്ത ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച ക്യമ്പിന്റെ ഉദ്ഘാടനം ഡോ. റിയ നിർവഹിച്ചു. മിഷൻ തമിഴ്നാട് ചാപ്റ്റർ കൺവീനർ സ്മിത, ആശ്രയം ചെയർമാൻ പി.എ. സുരേഷ്കുമാർ, മിഷൻ അധ്യാപകൻ ജനാർദ്ദനൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കണിക്കൊന്ന കോഴ്സിന്റെ പുതിയ ആധ്യയന വർഷത്തിലേക്കുള്ള പ്രവേശനവും നടന്നു. വിദ്യാർത്ഥികളായ സഞ്ജയ്, ശ്രേയസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.



*ആവടി മേഖല എച്ച്.വി.എഫ് മലയാളി സമാജം സംഘടിപ്പിച്ച അറിവോരം ഏകദിന ക്യാമ്പിൽനിന്ന്*



*ബഹ്റൈൻ പഠനോത്സവത്തിൽനിന്ന്*

**മലയാളം മിഷൻ ആഗസ്റ്റിലെ പരിപാടികൾ**

| | | |
|---|---|---|
| 10 – 11 | : | കോഴിക്കോട് അധ്യാപക പരിശീലനം |
| 12 – 13 | : | കോഴിക്കോട് പാഠപുസ്തക പരിഷ്കരണ ശിൽപ്പശാല |
| 18 | : | മുംബൈ ചാപ്റ്റർ പഠനോത്സവം |
| 24 – 25 | : | ചെന്നൈ ചാപ്റ്റർ അധ്യാപക മഹാസംഗമം |
| 25 | : | തിരുച്ചിറപ്പിള്ളി നീലക്കുറിഞ്ഞി അധ്യാപക പരിശീലനം |

## ഈ ലക്കങ്ങളിൽ....

### പൂക്കാലം വെബ് മാസിക

ഈ ലക്കം പൂക്കാലം വെബ് മാഗസീനിൽ 'നടക്കുന്ന മരങ്ങളെ'ക്കുറിച്ച് മലയാളം മിഷൻ ഡയറക്ടർ സുജ സൂസൻ ജോർജിന്റെ എഡിറ്റോറിയൽ, ആറിവുകളിൽ മുതിർന്നവരോട് എന്ന പംക്തിയിൽ മലയാളം മിഷൻ രജിസ്ട്രാർ സേതുമാഷിന്റെ 'വിഭിന്ന നിലവാരക്കാരെ എങ്ങനെ പരിഗണിക്കാം' എന്നിവ പരിചയപ്പെടാം. കൂടാതെ 'കണിക്കൊന്ന'യിൽ എടപ്പാൾ സി. സുബ്രമണ്യന്റെ 'വായന' സൂര്യകാന്തിയിൽ രാധാകൃഷ്ണൻ ആലുംവീട്ടിലിന്റെ 'പ്രകൃതി നടത്തം' ആമ്പലിൽ എം. വി. മോഹനന്റെ പെപ്പരപ്പേ........ എന്നിവയും വായിക്കാം.

*ഭാഷാവസന്തത്തിന്റെ പുതുപൂക്കാലം വായിക്കാൻ*
*സന്ദർശിക്കുക:* **http://pookalam.kerala.gov.in**

### തളിര്– കുട്ടികളുടെ മാസിക

ഷാജി ആന്റണിയുടെ കവിത 'പ്രകൃതി'. സാമൂഹിക നീതി വകുപ്പ് ആവിഷ് കരിച്ച 'അവധിക്കാല പോറ്റി വളർത്തൽ' പദ്ധതിയെക്കുറിച്ച് എം.വി.മോഹനൻ കത്തിന്റെ മാതൃകയിൽ തയ്യാറാക്കിയ ലേഖനം.

കൂടാതെ നമ്മുടെ ജൈവവൈവിധ്യത്തിന്റെ പ്രധാന്യം ഓർമ്മപ്പെടുത്തുന്ന എം. വി. മോഹനന്റെ തന്നെ ലേഖനം 'അറിയണം കാക്കണം ജീവന്റെ വൈവിധ്യം' എന്നിവ ആഗസ്റ്റ് ലക്കം തളിരിൽ വായിക്കാം.

*തളിര് ഓൺലൈനായി വായിക്കാൻ*
*സന്ദർശിക്കുക:* **www.kasicl.org**

https://www.facebook.com/MalayalamMissionKerala/ https://t.me/MalayalamMissionOfficial
Website: mm.kerala.gov.in https://twitter.com/MMKerala https://www.youtube.com/c/MalayalamMission

*Printed and published by:* Prof. Suja Susan George and owned by Malayalam Mission, Robsten Lane, General Hospital Jn, Thiruvananthapuram-01. *Printed at:* Orange Printers. *Editor:* U. Sandhya *Layout:* P.P. Ajaylal *Design:* Sahajan VM